KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 5 May 2024 ₹:10/-



# Gone, but forever cherished in our hearts !

101 years



**P.C.Chandy Puthiamadam**
*(Chandikunjasaan)*
*July 26,1858-May 27,1923*
*(Inspector - Malankara Sabha Schools, Leading founder - Mor Ignatius Church,Kurichy)*

76 years



**Chachiamma Chandy**
*(Thattarathu, Kumarakom)*
*1860 - April 18,1948*

60 years



**P.C.Mathew Puthiamadam**
*Aug 2,1892 - June 16,1964*

35 years



**Chachiamma Mathew**
*(Puthenpurachal, Edathua)*
*July 27, 1900- March 9,1989*

18 years



**P.M.Jacob Puthiamadam**
*Sept.25, 1926 - Oct.24,2006*

4 years



**Aleykutty (Kunjamma) Jacob**
*(Kurummanachal, Ranny)*
*April 20, 1933- Feb.8,2020*

Advt - O

# ക്നാനായ ദീപം

2024 മെയ് പുസ്തകം 35 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കരിയർ ഗൈഡൻസിന്റെ പ്രാധാന്യം! 19
സുനിൽ ഡി. കുരുവിള

യേശുവിന്റെ ഉത്ഥാനത്തിന്റെ... 20
ജയ്നമ്മ മർക്കോസ്

ആരാണ് വലിയവൻ 21
അമ്മാൾ രാജൻ

നന്ദി 21
ഡോ. അന്നമ്മ ജേക്കബ്

മോർ സേവേറിയോസ് ഗീവറുഗീസ് 22
ഫാ. പി.റ്റി.മാത്യു പയ്യനാട്ട്

ഏവൻഗേലിയോൻ ദീപം 25
ഫാ. നോബിൻ തോമസ്, ഇളകൂറ്റൂർ

ദാവീദും ഗൊല്യാത്തും 28
സണ്ണി കുറിയാക്കോസ്

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

39 കോപത്തിന്റെ സുവിശേഷം
റ്റി.സി. തോമസ്

41 Be Bold & Be Courageous
Seema Shinto

43 മല്പാനോട് ചോദിക്കാം

44 ദൈവിക സംരക്ഷണം (കവിത)
വിജമോൾ മാത്യു

45 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം

പ്രിയരെ,

യേശുക്രിസ്തുവിന്റെ രക്ഷാകരമായ പീഢാനുവങ്ങളെ സ്മരിക്കുന്ന വിശുദ്ധ വാരം കടന്നുപോയിട്ട് അധിക ദിവസങ്ങൾ ആയിട്ടില്ലല്ലോ. ആ നാളുകളിൽ ആരാധനയ്ക്കും ധ്യാനത്തിനും ഉപയോഗിച്ച വേദഭാഗങ്ങൾ ഇന്നും നമ്മുടെ മനസ്സുകളിൽ തങ്ങി നിൽക്കുന്നുണ്ടല്ലോ. അത് യാദൃശ്ചികമല്ല. ആണ്ടുതോറും ഇതേ വിധത്തിൽ ആവർത്തിക്കുന്നതുകൊണ്ട് അനുമാനിക്കാവുന്നത് ആണ്ടുതോറും നടക്കുന്ന ഒരു ചടങ്ങാണ്. അങ്ങനെ വിചാരിച്ച് മുൻപോട്ടു പോയാൽ യാതൊരു പ്രയോജനവും ഉണ്ടാകില്ല. നാം ജീവിക്കുന്നത് പ്രശ്നങ്ങൾ നിറഞ്ഞ ഒരു ലോകത്താണ്. പ്രശ്നങ്ങളുടെ നീണ്ട പട്ടികയുമായാണ് ഓരോ ദിവസവും ആരംഭിക്കുന്നതും അവസാനിക്കുന്നതും സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ മനുഷ്യ മസ്തിഷ്കത്തിൽ വ്യാകുലതയുടെ കഠാരികൾ കുത്തിയിറക്കുന്ന നിമിഷങ്ങളിൽ പതറാത്ത ഹൃദയങ്ങൾ ഇല്ല. അനേകർ പ്രശ്നങ്ങളേയും പ്രതിബന്ധങ്ങളേയും നോക്കിനിന്ന് നെടുവീർപ്പിട്ട് നാളുകൾ തള്ളി നീക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ജീവിതം തകർന്നും തളർന്നും പോവുകയല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല. പ്രശ്നങ്ങളെ ഭയപ്പെട്ട് മാറുന്നത് ഭീരുത്വമാണ്. അവയെ ദൈവ വിശ്വാസത്തോടും നിശ്ചയദാർഢ്യത്തോടും കൂടെ അഭിമുഖീകരിക്കുകയാണ് വേണ്ടത്. യഥാർത്ഥത്തിൽ ലോകമഹാന്മാരായി ഉയർത്തിയിട്ടുള്ളവർ എല്ലാം തന്നെ പ്രതികൂലങ്ങളോട് മല്ലിട്ടിട്ടുള്ളവരാണ്. പ്രശ്നങ്ങളെകണ്ട് ഭയന്നോടിയവർ ലോകത്തിൽ ഒന്നുംതന്നെ സാധിച്ചിട്ടില്ല. യാതൊരു പ്രശ്നവും പ്രതിബന്ധവുമില്ലാത്തൊരു സ്വൈര്യ ജീവിതമാണ് പലരും ആഗ്രഹിക്കുന്നത്. പക്ഷേ അതു ജീവിതത്തിന്റെ ശക്തി സാധ്യതകളെ നിഹനിക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുത നാം മനസ്സിലാക്കുന്നതേയില്ല. വളർച്ചയുടെയും ഉയർച്ചയുടെയും പന്ഥാവുകളാണ് പ്രശ്നങ്ങളിലും പ്രതികൂലങ്ങളിലും ഒളിഞ്ഞു കിടക്കുന്നത്. എന്നാൽ ആ നിലയിൽ അവയെ കാണാൻ കഴിയാത്തവർ പ്രശ്നങ്ങളുടെ മുന്നിൽ തളർന്നുപോകും. അതിന് നമുക്കാർക്കും ഇടയാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

യഥാർത്ഥത്തിൽ മലങ്കര സഭയിൽ പ്രശ്നങ്ങൾ ഉണ്ടോ. കഴിഞ്ഞ കാലയളവിൽ ഉണ്ടായിട്ടുള്ള പള്ളി വഴക്കുകളും തർക്കങ്ങളും ലജ്ജാകരമായ സംഭവങ്ങളും പത്രങ്ങളിൽ വന്നതു പരിശോധിച്ചാൽ ഇരുകക്ഷികളും കാട്ടിക്കൂട്ടിയിട്ടുള്ള പരാക്രമങ്ങളുടെ ഏകദേശ രൂപം കിട്ടും. സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടി പല മദ്ധ്യസ്ഥന്മാരും നടത്തിയിട്ടുള്ള നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളും ഒന്നും തന്നെ മ്ലേഛമായ ഈ പ്രവൃത്തിയിൽ ഒരു "ബിന്ദു" പോലും ഏശിയിട്ടില്ല. സഭാകേസ് തുടങ്ങിയിട്ട് നൂറു വർഷം കഴിയുന്നു. കേസുകളിൽ ഒന്നും ആത്മീകതയുടെ കണികപോലുമില്ല. തികച്ചും ലൗകികമായ വിഷയങ്ങൾക്കുവേണ്ടി കേസും അപ്പീലും വീണ്ടും കേസുമായി മെത്രാന്മാരും പട്ടക്കാരും അത്മായരുമെല്ലാം കോടതി കയറിഇറങ്ങുന്നു. കോടിക്കണക്കിനു രൂപാ ഇരു ഭാഗത്തിനും ചെലവാകുന്നു. വാദിയും പ്രതിയും സ്വന്തം പോക്കറ്റിൽനിന്നും 10 രൂപാപോലും ചെലവാക്കുന്നില്ല. ഇതെല്ലാം പാവം പിടിച്ച ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്നു. കോടതി ചിലവുകളും വക്കീൽഫീസും എല്ലാംകൂടി കണക്കുകൂട്ടിയാൽ ഈ സഭയ്ക്ക് എത്രമാത്രം വളരാനുള്ള അവസരങ്ങൾ നഷ്ടമായി. അനേകസഭാമക്കൾ വീടുകൾ ഇല്ലാതെയും ചികിത്സയ്ക്കു പണം ഇല്ലാതെയും പെൺമക്കളെ കെട്ടിച്ചയക്കുന്നതിന് നിവർത്തിയില്ലാതെയും പ്രയാസപ്പെടുമ്പോൾ കേസുകൾ നടത്തിയും പള്ളികൾ പിടിച്ചും സംരക്ഷിച്ചും ചിലവഴിക്കുന്ന പണത്തെക്കുറിച്ച് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ആത്മീകം പ്രസംഗിക്കുന്ന സഭാ നേതൃത്വത്തോടും മലങ്കരയിലുള്ള 60–ൽ പരം മെത്രാപ്പോലീത്തന്മാരോടും ഒന്നു ചോദിക്കട്ടെ, നിങ്ങളുടെ മന:സാക്ഷിയോടു വിശ്വസ്തത പുലർത്താൻ നിങ്ങൾക്കു കഴിയുമോ. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; അങ്ങനെയെങ്കിൽ നാം എല്ലാം ദൈവത്തിന്റെ മക്കളാണ്. നമ്മിലെ ദൈവീക സാന്നിധ്യമാണ് മനസാക്ഷി. അതിനെ നിഷേധിക്കുന്നത് ഈശ്വര നിഷേധമാണ്. സ്വയം നിഷേധമാണ്. മന:സ്സാക്ഷിയുടെ ശബ്ദം ശ്രദ്ധിക്കുന്ന ഏതൊരുവനും തിന്മ പ്രവർത്തിക്കാനാവുകയില്ല. ഒരു ദുഷ്ക്കാര്യത്തിലും നാം വഴങ്ങിക്കൊടുക്കുകയില്ല. അങ്ങനെ സംഭവിക്കുമ്പോഴാണ് നാം ദൈവത്തിന്റെ മക്കളായിത്തീരുന്നത്. നമ്മുടെ സത് പ്രവർത്തികളിലൂടെയാണ് ദൈവം മഹത്വീകരിക്കപ്പെടുന്നത്. ആയതിനാൽ ഒരു സത്യം ഓർമ്മിപ്പിക്കട്ടെ കേസുകളിച്ചു ജനങ്ങൾ മടുത്തു. ആരും ആരും പിടിവാശി ഉപേക്ഷിക്കുവാൻ തയ്യാറല്ലെങ്കിൽ വിശ്വാസികളുടെ കാശ് എടുത്ത് കേസ് നടത്തുന്ന സഭാസ്ഥാനീയർ മലങ്കരയിലെ എല്ലാ പള്ളികളിലേയും 18 വയസ്സു പൂർത്തിയായ അംഗങ്ങളുടെയും അഭിപ്രായം അറിയുവാൻ തയ്യാറാകണം. സമാധാനം ഉണ്ടാക്കുന്നവൻ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും. ക്നാനായ സമുദായത്തിന്റെയും ഇന്നത്തെ സ്ഥിതി ഒട്ടും മോശമല്ല. മെത്രാച്ചന്മാരും അനുകൂലിക്കുന്ന ചുരുക്കം ചില ആളുകളുംകൂടി ഈ സമുദായത്തെ നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾ നിഷ്ക്രിയരായി നോക്കി നിൽക്കാതെ വേഗം വരുന്ന കർത്താവിനെ എതിരേൽപ്പാൻ തക്കവണ്ണം നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും ഹൃദയത്തിലുള്ള കന്മഷങ്ങളേയും നീക്കിക്കളഞ്ഞ് വിശുദ്ധിയെ തികച്ചു യേശുവിനെ മാത്രം നോക്കി അനുഗമിക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**2024** വർഷത്തിലെ മെയ് മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഓരോ ദിവസത്തിലും അനുഭവിക്കുന്ന ദൈവകൃപയ്ക്കായും, ദൈവീക നടത്തിപ്പിനായും ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. പരി. സഭയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കാത്തിരിപ്പിന്റെ ദിനങ്ങളാകുന്നുവല്ലോ. സ്വർഗ്ഗാരോഹണപ്പെരുന്നാൾ മുതൽ പെന്തിക്കോസ്തി വരെയുള്ള പത്തു ദിനങ്ങൾ ധ്യാനത്തോടെയും പ്രാർത്ഥനയോടെയും നാം ചെലവഴിക്കുന്നല്ലോ. പരി. മാമ്മോദീസായിൽ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിനെ കൂടുതൽ തീക്ഷ്ണതയുടെ അനുഭവത്തിലേക്ക് നയിക്കുകയാണല്ലോ ഈ ദിവസങ്ങളിൽ. പെന്തിക്കോസ്തി ദിവസം ദീർഘമേറിയ ശുശ്രൂഷയാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. അത് വളരെ അർത്ഥപൂർണ്ണമാണ്. പരി. സഭയുടെ ത്രിത്വ വിശ്വാസത്തിന്റെ സത്ത ഉൾക്കൊള്ളാൻ സാധിക്കുമെന്നതിനാൽ നമ്മെ തന്നെ ഒരുക്കത്തോടെ, ധ്യാനത്തിന്റെ അനുഭവത്തിൽ പെന്തിക്കോസ്തി പെരുന്നാളിലെ ശുശ്രൂഷയിൽ സംബന്ധിക്കുവാനും, അതിലൂടെ പരിശുദ്ധാത്മ തീക്ഷ്ണതയുടെ അനുഭവം ലഭിക്കുവാനും ഇടയാകട്ടെ.

ജൂൺ 10,11 ദിവസങ്ങളിൽ ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 97-ാമത് ശ്രാദ്ധപ്പെരുന്നാൾ വന്ദ്യ പിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ ആചരിക്കുകയാണല്ലോ. വന്ദ്യ പിതാവിന്റെ സംഭാവനകൾ അനവധിയാണല്ലോ. തന്റെ ജീവിതത്തെ സമുദായത്തിനു വേണ്ടി നല്കി എത്രയോ ശ്രേഷ്ഠമായ ശുശ്രൂഷയാണ് നിവർത്തിച്ചത്. പൂർവ്വപിതാക്കന്മാരെ സ്മരിക്കുമ്പോൾ അവർ കാണിച്ച ജീവിതമാതൃക ഉൾക്കൊണ്ട് നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ തീക്ഷ്ണതയുള്ളതാക്കാൻ ശ്രമിക്കാം. നമ്മുടെ എല്ലാ ആളുകളും ഈ ദിവസങ്ങളിൽ ആ കബറിങ്കൽ എത്തി പ്രാർത്ഥന നടത്തുവാൻ ശ്രദ്ധിക്കണം.

നമ്മുടെ പ്രഥമ ദൈവാലയമായ കോട്ടയം വലിയ പള്ളിയുടെ സ്ഥാപനത്തിന്റെ 475-ാമത് ജൂബിലി വർഷത്തിന്റെ ആരംഭം കുറിച്ചു. ഒരു വർഷത്തെ ആഘോഷങ്ങൾ ആണ് ക്രമീകരിച്ചിരിക്കുന്നത്. കോട്ടയത്തെ പ്രഥമ ദൈവാലയം എന്നതിൽ ഉപരി ചരിത്രപ്രസിദ്ധമായ പേർഷ്യൻ കുരിശ് സ്ഥാപിക്കപ്പെട്ടു എന്നതും, ചരിത്രത്തിന്റെ ഏടുകളിൽ ആലേഖനം ചെയ്യപ്പെട്ടതുമെല്ലാം മറ്റുള്ളവരിലേക്ക് എത്തിക്കുവാനും അതുവഴി കൂടുതൽ പ്രശസ്തി ആർജ്ജിക്കുവാനും ഇടയാകണം. അതിലെല്ലാം ഉപരി നമ്മുടെ എല്ലാ പള്ളികളുടെയും തലപള്ളി എന്ന നിലയിൽ നമ്മുടെ ക്നാനായ തനിമ നിലനിർത്തുവാനും, ക്രൈസ്തവ സാക്ഷ്യം ഉൾക്കൊണ്ട് നവീകരിക്കപ്പെട്ട ഇടവകയായും, സമൂഹത്തിന് നന്മയുടെ കെടാവിളക്കായിത്തീരാനും ഈ ആഘോഷങ്ങൾ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

നമ്മുടെ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഭവനരഹിതർക്ക് സ്ഥലവും വീടും ഉൾപ്പെടെയുള്ള പ്രോജക്റ്റ് 'സ്വപ്ന ഭവനത്തിന്റെ' ശിലാസ്ഥാപനം നിർവഹിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇത് ഒരു മാതൃകയായി സ്വീകരിച്ച് നമ്മുടെ മറ്റു ഇടവകകളും, മറ്റുള്ളവരുടെ നന്മയ്ക്കായുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. ഇതിന് മുൻകൈ എടുത്ത് പ്രവർത്തിക്കുന്ന എല്ലാവരേയും അനുമോദിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

1679-ാമത് സിറിയൻ കുടിയേറ്റ വാർഷികം ഈ മാസം 24, 25, 26 തീയതികളിൽ നമ്മുടെ ഐത്തല പള്ളിയിൽ നടത്തുകയാണല്ലോ. അതിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ക്നാനായ കോൺഗ്രസ് കേന്ദ്ര മേഖല കമ്മിറ്റികളും, ഐത്തലപ്പള്ളിയും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ കുടുംബസംഗമമേളയായി ഇത് ആയിത്തീരണം. എല്ലാ ഇടവകകളും ഇതിൽ ക്രമീകരിച്ചിരിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കാനും അതിലൂടെ നമ്മുടെ കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ കഴിവുകൾ വർദ്ധിക്കുവാനും ഇടയാകണം. ഇതിന്റെ എല്ലാ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുന്നു.

നമ്മുടെ കുട്ടികളെ ദൈവമുള്ളവരാക്കിത്തീർക്കുന്നതിൽ സണ്ടേസ്കൂൾ പ്രസ്ഥാനം നടത്തുന്ന ഉദ്യമങ്ങളെ ശ്ലാഘിക്കുന്നു. അദ്ധ്യാപക സെമിനാറും, ദൈവവിളി ക്യാമ്പുമെല്ലാം ഈ മാസത്തിൽ ക്രമീകരിക്കുന്നുവല്ലോ. നമ്മുടെ എല്ലാ വൈദികരും, മാതാപിതാക്കളും സണ്ടേസ്ക്കൂൾ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ പരിശ്രമിക്കണം. നമ്മുടെ കുട്ടികളെ ക്നാനായ തീക്ഷ്ണതയുള്ളവരാക്കി തീർക്കുവാനും സാധിക്കേണ്ടതുണ്ട്. കുട്ടികൾ കൂടുതൽ ഇപ്പോൾ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്നുണ്ടല്ലോ. എവിടെ ആയിരുന്നാലും നമ്മുടെ പള്ളികളുമായുള്ള ബന്ധം സ്ഥാപിക്കുവാനും ഇടയാകണം.

ഭാരതത്തിൽ പുതിയ ലോകസഭയിലേക്കുള്ള സമ്മതിദാനാവകാശം നാമെല്ലാം രേഖപ്പെടുത്തി. ജൂൺ മാസത്തിലെ ആദ്യദിനങ്ങളിൽ ജയപരാജയങ്ങളെക്കുറിച്ച് അറിവു ലഭിക്കുമല്ലോ. ജയ പരാജയങ്ങൾക്കപ്പുറം സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ

ക്നാനായ അസോസ്സിയേഷന്റെ ഒരു വിശേഷാൽ യോഗം (ഭരണഘടന ഭേദഗതി) മെയ്മാസം 21-ാം തീയതി 10.30 ന് മോർ അപ്രേം സെമിനാരിയിൽ കൂടുകയാണ്. അന്നുതന്നെ ഉച്ചകഴിഞ്ഞ് 3 മണിക്ക് ഒരു സാധാരണ യോഗവും ചേരുന്നുണ്ട്. ഈ അസോസ്സിയേഷൻ മീറ്റിങ്ങുകളുടെ നോട്ടീസുകൾ എല്ലാ അസോസ്സിയേഷൻ അംഗങ്ങൾക്കും അയച്ചുകഴിഞ്ഞു. അസോസ്സിയേഷൻ അംഗങ്ങൾ എല്ലാവരും ആ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 2023 ലെ അസോസ്സിയേഷന്റെ തിരഞ്ഞെടുപ്പിൽ പരാജിതരായവർ ക്നാനായ അസോസ്സിയേഷൻ മീറ്റിംങ്ങ് കൂടുന്നതിന് എതിരായി പ്രതിഷേധ മീറ്റിങ്ങുകൾ കൂടുന്നു എന്ന് സോഷ്യൽ മീഡിയിൽ കൂടി അറിയുന്നു. അതിന് നേതൃത്വം കൊടുക്കുന്നത് കല്ലിശ്ശേരി, റാന്നി, സഹായമെത്രാന്മാർ ആണെന്ന് അറിയുന്നു. മെത്രാന്മാർ ഗ്രൂപ്പ് യോഗം വിളിച്ചുകൂട്ടുന്നത് സമുദായത്തിന് ഭൂഷണം അല്ല എന്ന് മാത്രമേ ഇപ്പോൾ പറയുന്നുള്ളു.

പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൽ നിന്നും ഒരു കല്പന കഴിഞ്ഞ മാസം ഏപ്രിൽ 17ന് ക്നാനായ സമുദായ മെത്രാപ്പോലീത്തായെ അഡ്രസ്സ് ചെയ്തുകൊണ്ട് ക്നാനായ കമ്മറ്റിയുടെയും, വികാരി ജനറാളിന്റെയും പ്രവർത്തനത്തെ നിശിദ്ധമായി വിമർശിച്ചുകൊണ്ടും വരികയുണ്ടായി.

ആ കല്പനയുടെ കോപ്പി 18/4/2024-ൽ കമ്മറ്റിയുടെ വിശദീകരണം അഞ്ചു ദിവസത്തിനകം തരണം എന്ന് അറിയിച്ചുകൊണ്ട് സമുദായ വലിയ മെത്രാപ്പോലീത്താ കമ്മറ്റിയ്ക്ക് അയച്ചു തന്നു.

ക്നാനായ അസോസ്സിയേഷൻ കൂടുന്നതിന് കമ്മറ്റി നോട്ടീസ് അയച്ചു 23/4/2024-ൽ കൂടുവാൻ ഇരുന്നതിനാൽ സമുദായ മെത്രാപ്പോലീത്തായുടെ വിശദീകരണ കല്പന കിട്ടി കഴിഞ്ഞ് 23/4-ൽ കൂടിയ ക്നാനായ കമ്മറ്റി ഇക്കാര്യം ചർച്ച ചെയ്യുകയും വിശദമായ ഒരു വിശദീകരണ മറുപടി സമുദായ മെത്രാപ്പോലീത്തായ്ക്ക് അയച്ചു കൊടുത്തു. ആയതിന്റെ ചുരുക്ക രൂപം സമുദായ അംഗങ്ങളുടെ അറിവിലേക്ക് ഇവിടെ പ്രസിദ്ധീകരിക്കുകയാണ്.

അന്ത്യോഖ്യ പാത്രിയർക്കീസ് പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവായുടെ 17/04/2024 ലെ നമ്പർ EI 19/24 കല്പനയ്ക്ക് ക്നാനായ കമ്മറ്റിയുടെ മറുപടി അഭി. സമുദായ മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കുന്നത്.

പ്രിയ തിരുമേനി,

2024 ഏപ്രിൽ 17-ലെ EI 19-24 നമ്പറിലെ കല്പനയിൽ ക്നാനായ സമുദായത്തിന്റെ ഭരണകാര്യങ്ങളെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ട് അഭി. തിരുമേനി 2024 ഏപ്രിൽ 18-ന് നൽകിയ കത്ത് ക്നാനായ കമ്മറ്റിക്ക് ലഭിച്ചു.

ക്നാനായ സമുദായത്തിന്റെ സുഗമമായ ഭരണത്തിൽ സഹായ മെത്രാന്മാരും അവരുടെകൂടെ വളരെ കുറച്ച് ആളുകളും നിരന്തരമായ ഇടപെടലുകൾ ഉണ്ടാക്കി ഞങ്ങളുടെ പ്രവർത്തനങ്ങളെ തടസപ്പെടുത്തികൊണ്ടിരിക്കുകയാണ് എന്ന് മാത്രവുമല്ല, ക്നാനായ അസോസ്സിയേഷന്റെ എല്ലാ മീറ്റിംഗുകൾക്ക് മുൻപും ശേഷവും അവർ ഒന്നിനു പുറകെ ഒന്നായി കേസുകൾ ഫയൽ ചെയ്യുന്നു. നിലവിൽ 69 കേസുകളാണ് കോട്ടയം സിവിൽ കോടതിയിൽ കൊടുത്തിരിക്കുന്നത്.

സമുദായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, 2019-ൽ ലെബനോനിൽ നടന്ന യോഗത്തിൽ പങ്കെടുക്കാൻ അന്നത്തെ ഭാരവാഹികളെയും ക്നാനായ ബിഷപ്പുമാരെയും H.H ക്ഷണിച്ചു. പ്രസ്തുത യോഗത്തിലെ തീരുമാനം മോർ സിൽവാനോസ് അയൂബ് തിരുമേനിക്കെതിരെ ആരോപണങ്ങൾ അന്വേഷിക്കാൻ ഒരു അന്വേഷണ കമ്മീഷനെ അയക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ആരോപണങ്ങൾ പഠിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കുകയും അമേരിക്കയിലുടനീളമുള്ള വിവിധ ക്നാനായ ഇടവക പള്ളികളിലെ അംഗങ്ങളിൽ നിന്ന് നിരവധി പരാതികൾ കേട്ട് തെളിവുകൾ ശേഖരിക്കുകയും ആരോപണങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയും കമ്മീഷൻ H.H ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഇന്നുവരെ ഞങ്ങൾക്ക്, റിപ്പോർട്ടിന്റെ കോപ്പിയോ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ H.H എന്തെങ്കിലും നടപടികളോ എടുത്തതായി അറിയില്ലാ. അമേരിക്കയിലെ നമ്മുടെ ആളുകൾ ഇപ്പോഴും ഈ റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്, അവരുടെ പരാതികളിൽ നാളിതുവരെ ഒരു നടപടിയും സ്വീകരിക്കാത്തതിൽ നിരാശയുണ്ട്.

അതുപോലെ, മലങ്കരയിലെ ക്നാനായ സമുദായത്തിലെ തർക്കങ്ങൾ അന്വേഷിക്കാൻ H.H കമ്മീഷനെ നിയോഗിക്കുവാൻ തീരുമാനമായതാണ്. എന്നാൽ അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ക്നാനായ സമുദായത്തിന്റെ പ്രശ്നങ്ങൾ ക്രിയാത്മകരമായി പരിഹരിക്കാൻ H.H ഒരു നടപടിയും സ്വീകരിക്കാത്തതിൽ ആളുകൾ നിരാശരുമാണ്.

പരി. പാത്രിയർക്കീസ് ബാവായുടെ കല്പന EI 82/2019 വഴി ക്നാനായ സമുദായത്തെ 4 സ്വതന്ത്ര മേഖലകളായി വിഭജിക്കുകയാണ് ഉണ്ടായത്. ഇക്കാര്യങ്ങൾ കൊണ്ട്

2023 ൽ ക്നാനായ സമുദായത്തിലെ ജനങ്ങൾ സഹായ മെത്രാന്മാരുടെ ഈ പെരുമാറ്റത്തിന് എതിരാണ്. ക്നാനായ സമുദായത്തിലുടനീളം നടന്ന ക്നാനായ അസോസ്സിയേഷന്റെ തിരഞ്ഞെടുപ്പിൽ, അസി.ബിഷപ്പുമാരുടെ പ്രദേശങ്ങളിൽ ഉൾപ്പെടെ ഇപ്പോഴത്തെ ക്നാനായ അസോസ്സിയേഷനിൽ സമുദായ മെത്രാപ്പോലീത്തായ്ക്കും ക്നാനായ ഭരണഘടനയ്ക്കും അനുകൂലമായ മഹാഭൂരിപക്ഷമാണ് ഉള്ളത്.

ക്നാനായ അസോസ്സിയേഷനിലെ അംഗങ്ങൾ മഹാഭൂരിപക്ഷത്തിൽ തിരഞ്ഞെടുത്ത ക്നാനായ കമ്മറ്റി ക്നാനായ സമുദായത്തിന്റെ ഭരണച്ചുമതല വഹിക്കുന്നു.

2023 ഒക്ടോബർ 13 ലെയും, 2023 നവംബർ 10 ലേയും കത്തുകൾവഴി ക്നാനായ കമ്മറ്റി ഇക്കാര്യം അഭി. തിരുമേനിയെ അറിയിച്ചതാണ്.

ഇപ്പോൾ അങ്ങ് ഞങ്ങൾക്ക് ഫോർവേഡ് ചെയ്ത പരി. പാത്രിയർക്കീസ്ബാവാ അയച്ച കല്പനയിൽ ഉന്നയിച്ച വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടിനുള്ള മറുപടി ചുവടെ സമർപ്പിക്കുന്നു.

1) അമേരിക്കയിലെ രണ്ട് ദൈവാലയങ്ങളിൽ ഹാശാ ആഴ്ച ഓർത്തഡോക്സ് സഭയിലെ വൈദികർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് സമുദായ മെത്രാപ്പോലീത്താ യുടെ അറിവോടെയാണോ?

രണ്ട് ക്നാനായ പള്ളികൾ-ഷിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ ചർച്ച്, ഡിട്രോയിറ്റിലെ സെന്റ് ഏഫ്രേം ക്നാനായ ചർച്ച്. ക്നാനായ ഭരണഘടന പ്രകാരം അമേരിക്കയിൽ സ്ഥാപിതമായ ക്നാനായ സമുദായത്തിന്റെ രണ്ട് പുരാതന ദേവാലയങ്ങളിലാണിവ, വൈദികരുടെ അഭാവം കാരണം കുറച്ചു കാലമായി വിശുദ്ധ കുർബ്ബാന ഉൾപ്പെടെ ശുശ്രൂഷകൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ് ക്നാനായ അസോസ്സിയേഷൻ തിരിച്ചു വിളിച്ചിട്ടും മോർ സിൽവാനോസ് തിരുമേനിയെ അമേരിക്കയിലെ പള്ളികളുടെ ചുമതലയുള്ള മെത്രാപ്പോലീത്തയായി പാത്രിയർക്കീസ്ബാവ അംഗീകരിച്ചിട്ടുണ്ടെങ്കിൽ, ഈ പള്ളികളിൽ വൈദികരെ ക്രമീകരിച്ച് വിശുദ്ധ കുർബ്ബാനയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടത് മോർ സിൽവാനോസ് തിരുമേനിയുടെ ഉത്തരവാദിത്തമാണ്. മുടങ്ങി കിടന്ന ദേവാലയങ്ങളിൽ വിശുദ്ധ കുർബ്ബാന ശുശ്രൂഷ പുനരാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങളൊന്നും അദ്ദേഹം ചെയ്തിട്ടില്ലെന്ന് മാത്രമല്ല, ഈ പള്ളികളിലെ ഏതാനും അംഗങ്ങളെ കൂട്ടിക്കൊണ്ടുപോയി പുതിയ പള്ളികൾ ആരംഭിക്കുകയും ചെയ്തു.

ഏതൊരു ക്രിസ്ത്യാനിയുടെയും ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളാണ് ഹാശാ ആഴ്ച. അതിനാൽ പ്രസ്തുത രണ്ട് പള്ളികളിലെയും അംഗങ്ങൾ അവരുടെ ജനറൽ ബോഡിയിൽ തീരുമാനമെടുത്ത് സമുദായ മെത്രാപ്പോലീത്താ ക്നാനായ കമ്മറ്റി, ക്നാനായ വൈദിക സമിതി അമേരിക്കയിലെ ക്നാനായ വൈദീകർ, അമേരിക്കയിലെ യാക്കോബായ മെത്രാപ്പോലീത്ത മോർ തീത്തോസ് തിരുമേനി എന്നിവർക്ക് രേഖാമൂലവും ഫോണിലൂടെയും അപേക്ഷകൾ അയച്ചു വിശുദ്ധവാരത്തിലെ വൈദികരുടെ സേവനങ്ങൾക്കായി. എന്നാൽ ആർക്കും ഒരു ക്രമീകരണവും ചെയ്തു കൊടുക്കുവാൻ പറ്റിയിട്ടില്ല.

നിർഭാഗ്യമെന്ന് പറയട്ടെ; യു.എസ്.എ-യിൽ ഹോളി പാഷൻ-വീക്ക് സേവനങ്ങൾ ആ പള്ളികൾതന്നെ നേരിട്ട് ക്രമീകരിക്കണം നടത്തിയതിന്റെ കുറ്റപ്പെടുത്തൽ സമുദായ മെത്രാപ്പോലീത്തയുടെ മുകളിൽ ഇട്ടു. അമേരിക്കയിലെ ക്നാനായ പള്ളികളുടെ ചുമതല ഉണ്ടെന്ന് പരി. ബാവാ പറയുന്ന സിൽവാനോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കാത്തതിന് സമുദായ മെത്രാപ്പോലീത്തായെ മാത്രം കുറ്റപ്പെടുത്തുന്നത് ശരിയല്ല. അമേരിക്കയിലെ ഈ രണ്ട് ദേവാലയങ്ങളിലും ഓർത്തഡോക്സ് വൈദികരുടെ നേതൃത്വത്തിൽ പാഷൻ വീക്ക് ശുശ്രൂഷകൾ നടത്തിയ ശേഷമാണ് ഈ സംഭവവികാസങ്ങൾ സമുദായ മെത്രാപ്പോലീത്ത അറിഞ്ഞത്. അന്വേഷണത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ ആവശ്യമായ വൈദികരെ ലഭിക്കാതെ വന്നപ്പോൾ ഓർത്തഡോക്സ് വൈദികരെ ക്ഷണിക്കാൻ പള്ളി ജനറൽ ബോഡി തീരുമാനിച്ചതായി സമുദായ ഭാരവാഹികളെയും സമുദായ മെത്രാപ്പോലീത്തയെയും അവർ അറിയിച്ചത്.

ഈ സംഭവങ്ങളിൽ സമുദായ മെത്രാപ്പോലീത്തയ്ക്ക് പങ്കില്ല. ഈ സംഭവവികാസങ്ങളുടെ ഉത്തരവാദിത്തം സമുദായ മെത്രാപ്പോലീത്തായുടെ മേൽ ചുമത്തി സഹായമെത്രാന്മാർ അന്ത്യോഖ്യാ പാത്രിയർക്കീസിനെ തെറ്റിദ്ധരിപ്പിക്കുന്നു. ഈ പള്ളികളിൽ വൈദികരെ നൽകാതെ അമേരിക്കയിലെ മെത്രാപ്പാലീത്ത മനപൂർവ്വം വീഴ്ച വരുത്തി, ഈ പള്ളികളുടെ ജനറൽ ബോഡിക്ക് കിട്ടുന്ന വൈദികരെ ക്രമീകരിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലാതായി.

2) ചിങ്ങവനം മോർ അഫ്രേം സെമിനാരിയിൽ ഇന്ത്യൻ ഓർത്തഡോക്സ് കാതോലിക്കബാവായുടെ സന്ദർശനം സംബന്ധിച്ച്.

ക്നാനായ സുറിയാനി സമുദായം എക്യുമെനിക്കൽ പരിപാടികളിൽനിന്ന് വിട്ടു നിൽക്കുകയോ ചെയ്യാത്തതിനാൽ ഇന്ത്യൻ ഓർത്തഡോക്സ് കതോലിക്കയുടെ സന്ദർശനം ഒരു എക്യുമെനിസത്തിന്റെ ഭാഗമാണ്. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി), നിലക്കൽ എക്യുമെനിക്കൽ, അത്തരം സംഘടനകളും കേരളത്തിലെ ക്രിസ്ത്യൻ സഭകളിലെ വിവിധ വിഭാഗങ്ങളിലെ പ്രാദേശീക തലവന്മാർ തമ്മിലുള്ള ആശയവിനിമയം ഉണ്ട്. ക്നാനായ സമുദായ മെത്രാപ്പോലീത്തായും അതിന്റെ ഭാരവാഹിയാണ്. അതുപോലെ, കർദിനാൾ മാർ ബസോലിയോസ് ക്ലീമീസ് കാതോലിക്കാ, മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്ത, സി.എസ്.ഐ. ഭദ്രാസനങ്ങളുടെ തലവനും, കത്തോലിക്കാ ബാവാ, സഭയുടെ തലവനും കേരളത്തിലെ എല്ലാ സഭകളും ഈ എക്യുമെനിക്കൽ സംഘടനകളിൽ അംഗങ്ങളാണ്. ഈ തലവന്മാർ അവരുടെ ആസ്ഥാനത്ത് പരസ്പരം സന്ദർശിക്കുന്നു. ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ കാതോലിക്കാ കുറച്ചു കാലമായി ക്നാനായ ആസ്ഥാനം സന്ദർശിക്കണമെന്ന് അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥന സമുദായ മെത്രാപ്പോലീത്തായ്ക്ക് നിരസിക്കാൻ കഴിഞ്ഞില്ല, അതിനാൽ അദ്ദേഹം അപ്രേം സെമിനാരിയിൽ വന്നപ്പോൾ സ്വീകരിച്ചു. സമുദായ മെത്രാപ്പോലീത്തായുടെ മാതാവിന്റെ നിര്യാണത്തിൽ, സമുദായ മെത്രാപ്പോലീത്തായെ ആശ്വസിപ്പിക്കാൻ പ്രസ്തുത കാതോലിക്കാബാവ ഭവനത്തിൽ സന്ദർശനം നടത്തുകയും ഉണ്ടായല്ലോ.

പഴയ നഗരമായ ജറുശലേമിലെ സെന്റ് മാർക്കോസ് മാളികയിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ യൂലിയോസ് മെത്രാപ്പോലീത്ത സുറിയാനി സഭയുടെ യെറുശലേം മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചതായി അറിയുന്നു. ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ മുൻ കാതോലിക്കാ അന്തരിച്ചപ്പോൾ, ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ആസ്ഥാനത്ത് സമുദായ മെത്രാപ്പോലീത്ത സന്ദർശനം നടത്തിയിരുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്, എന്നാൽ അന്ത്യോഖ്യാ പാത്രിയാർക്കീസ് ഇന്ത്യൻ ഓർത്തഡോക്സ് സഭയെ അനുശോചനം അറിയിച്ചിരുന്നു.

ക്നാനായ സമുദായത്തിന്റെ ഭരണം ബാക്കിയുള്ള എല്ലാ ക്രിസ്ത്യൻ പള്ളികളുടേതും പോലെയല്ല. 1882 മുതൽ ഈ സമുദായം എപ്പിസ്കോപ്പൽ ജനാധിപത്യം ആചരിച്ചുവരുന്നു. അത് സ്വന്തം ഭരണഘടനയാൽ നിയന്ത്രിക്കപ്പെടുന്നു. 1910-ൽ പ്രഥമ സമുദായ മെത്രാപ്പോലീത്ത H.G. മോർ സേവേറിയോസ് ഗീവർഗീസ്, 1926-ൽ H.G. മോർ ദിയോസ്കോറോസ് തോമസ്, 1951-ൽ എച്ച്.ജി. മോർ ക്ലീമീസ് ഏബ്രഹാം, ഇപ്പോഴത്തെ സമുദായ മെത്രാപ്പോലീത്തയായി 2004-ൽ മോർ സേവേറിയോസ് കുറിയാക്കോസിനെ തിരഞ്ഞെടുത്തതും എല്ലാം ക്നാനായ ഭരണഘടന അനുസരിച്ചാണ്. സമുദായത്തിന്റെ അസിസ്റ്റന്റ് ബിഷപ്പുമാരായ മോർ

ഗ്രിഗോറിയോസ് കുറിയാക്കോസ്, 2008–ൽ മോർ ഈവാനിയോസ് കുറിയാക്കോസ്, മോർ സിൽവാനോസ് അയൂബ് എന്നിവരുടെ തിരഞ്ഞെടുപ്പും നിലവിലുള്ള ക്നാനായ ഭരണഘടന അനുസരിച്ചാണ് ക്നാനായ അസോസ്സിയേഷൻ തിരഞ്ഞെടുത്തത്. ക്നാനായ ഭരണഘടന ഇന്ത്യയുടെ പരമോന്നത കോടതി അംഗീകരിച്ചതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ സമുദായത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും.

3). അമേരിക്കയിലുള്ള രണ്ടു വൈദികരുടെ ഇന്ത്യ സന്ദർശന വേളയിൽ കേരളത്തിലെ പല ക്നാനായ പള്ളികളിലും 'കുർബ്ബാന' അർപ്പിക്കാൻ അനുവാദം കൊടുത്തോ?

മേൽപ്പറഞ്ഞ ധിക്കാരപരമായ പ്രവർത്തനങ്ങൾ നിങ്ങളുടെ അറിവോടെയാണോ ചെയ്തതെന്ന് അറിയാൻ ആഗ്രഹിക്കുന്നു.

ബഹു. തമ്പിയച്ചനും, റെന്നിയച്ചനും വാദിയായി കോട്ടയം മുൻസിഫ് കോടതിയിൽ കൊടുത്ത I.A.No. 1/2023- in O.S. No. 372/2023 എന്ന കേസിൽ സമുദായ മെത്രാപ്പോലീത്താ 1–ാം പ്രതിയും മറ്റു 3 സഹായ മെത്രാന്മാരും 2,3,4, എന്നക്രമത്തിൽ പ്രതികളാണ്. കോടതിയുടെ ഓർഡറിൽ പറഞ്ഞിരിക്കുന്നത് വാദികളായ രണ്ടു വൈദികരുടെ വികാരസ്ഥാപനത്തിന് അടുത്ത കാര്യങ്ങളിലോ, ആത്മിയ ശുശ്രൂഷകൾ നടത്തുന്ന കാര്യങ്ങളിലോ, യാതൊരു തടസം ഉണ്ടാക്കുവാനോ അവർക്ക് എതിരായി ദോവാലയങ്ങളിൽ കല്പനകൾ വായിക്കുവാനോ, മുകളിൽ പറഞ്ഞിരിക്കുന്ന പ്രതികളെ കോടതി വിലക്കിയിരിക്കുകയാണ്.

സഹായ മെത്രാന്മാർ ഇക്കാര്യം മറച്ചുവച്ചു പരി. പാത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ചു. അവരെ എന്തിന് ദോവലയത്തിൽ കയറ്റി കുർബ്ബാന ചൊല്ലിക്കുന്നു എന്ന് സമുദായ മെത്രാപ്പോലീത്തായ്ക്ക് വിശദീകരണ നോട്ടീസ് അയപ്പിച്ചിരിക്കുന്നത് ദുരുദ്ദേശപരമാണ്. അതുപോലെ ഈ വൈദികർ വിശുദ്ധ കുർബ്ബാന ചൊല്ലിയത് റാന്നി ദേവാലയത്തിലും കല്ലിശ്ശേരി ദേവാലയത്തിലും ആണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

4). 14–മെയ് 2020 ലെ അപ്പോസ്തോലിക കല്പന നമ്പർ EI 27/20–ൽ നിന്ന് എടുത്തുകളഞ്ഞ തലക്കെട്ടുകൾ വിശുദ്ധ കുർബ്ബാനയുടെ ആദ്യ തുബ്ദേനിൽ ഉൾപ്പെടുത്തണമന്ന് ആവശ്യപ്പെട്ട് ക്നാനായ വികാരി ജനറൽ പള്ളികൾക്ക് നൽകിയ സർക്കുലർ സംബന്ധിച്ച്.

യാക്കോബായ സഭയുടെ മാനേജിംഗ് കമ്മറ്റിയും വർക്കിംഗ് കമ്മറ്റിയും ചേർന്ന് അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടതുപോലെ, ക്നാനായ ഭരണഘടന പ്രകാരം ക്നാനായ അസോസ്സിയേഷൻ അഭി. മോർ സേവേറിയോസ് കുറിയാക്കോസ് സമുദായ മെത്രാപ്പോലീത്തയെ ക്നാനായ അതിഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പ്, ചീഫ് മെത്രാപ്പോലീത്ത എന്നീ പദവികൾ അംഗീകരിച്ചു.

ലോകത്തിന്റെ ഏത് ഭാഗത്തും ക്നാനായ സമുദായത്തിന്റെ എല്ലാ പള്ളികളിലും അദ്ദേഹത്തിന്റെ പദവി ബാധകമാണ്. സമുദായ മെത്രാപ്പോലീത്ത ആദ്യം അസോസ്സിയേഷന്റെ തീരുമാനത്തിന് അനുമതി നൽകിയില്ല. എന്നാൽ ക്നാനായ അസോസ്സിയേഷൻ തീരുമാനം ഭരണഘടനാ പ്രകാരം വീണ്ടും ആവർത്തിച്ചപ്പോൾ, ക്നാനായ ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി, തീരുമാനം അംഗീകരിക്കാൻ സമുദായ മെത്രാപ്പോലീത്ത ബാധ്യസ്ഥനായി.

കൂടാതെ, 2024 ഫെബ്രുവരിയിലെ സെന്റ് ജോൺസ് ദയറാ ചർച്ചിൽ നടന്ന പൊതു പ്രസംഗത്തിൽ H.H. ന്റെ മുൻഗാമികൾ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും ഇളവുകളും പ്രാബല്യത്തിൽ നിലനിൽക്കുമെന്നും അത് ഒരിക്കലും എച്ച്.എച്ച്. പിൻവലിച്ചിട്ടില്ലെന്നും H.H. പ്രത്യകം പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ട് പാത്രിയർക്കീസ് ബാവായുടെ കത്തിൽ ചൂണ്ടിക്കാണിക്കുന്ന സർക്കുലർ പുറപ്പെടുവിക്കുന്നതിൽ ലംഘനമൊന്നും ക്നാനായ വികാരി ജനറാൾ വരുത്തിയിട്ടില്ല. വിശുദ്ധ കുർബ്ബാനയുടെ ആത്മീയ ഉള്ളടക്കത്തിൽ ഒരു മാറ്റവും വികാരി ജനറലിന്റെ സർക്കുലറിന് കാരണമായിട്ടില്ല. എല്ലാ പള്ളികൾക്കും സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്നാനായ വൈദിക കൗൺസിലും ഈ മാറ്റം അംഗീകരിച്ചു. അതിനാൽ സർക്കുലർ മൂലം ഒരു നിയമലംഘനവും ഉണ്ടായിട്ടില്ല.

5). പരി.സിംഹാസനത്തോടും, അഭി. മോർ സിൽവാനോസ് അയൂബിനോടും അനുസരണയും കൂറും നിലകൊള്ളുന്ന അമേരിക്കയിലെ അഞ്ച് വൈദികരെ ക്നാനായ പള്ളികളിൽ ശുശ്രൂഷ ചെയ്യാൻ അനുവദിക്കരുതെന്ന് ക്നാനായ വൈദികർക്ക് പുറപ്പെടുവിച്ച സർക്കുലർ സംബന്ധിച്ച്.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ താമസിക്കുന്ന ക്നാനായ സമുദായത്തിലെ എല്ലാ ഇടവകക്കാരും വൈദികരും സമുദായ മെത്രാപ്പോലീത്തായോട് കൂറ് പുലർത്തുകയും ക്നാനായ ഭരമഘടനപ്രകാരം ഭരിക്കപ്പെടുകയും വേണം. സമുദായ മെത്രാപ്പോലീത്തയുടെ പ്രത്യേക അനുമതിയില്ലാതെ ക്നാനായ സമുദായാംഗങ്ങളുടെ പ്രയോജനത്തിനായി ക്നാനായ സമുദായത്തിൽ പള്ളികൾ സ്ഥാപിക്കാൻ ക്നാനായ ഭരണഘടന പ്രകാരം അനുവാദമില്ല. ക്നാനായ ഭരണഘടന

അംഗീകരിക്കാത്ത ഇത്തരം പള്ളികളിൽ സേവനം ചെയ്യുന്ന ഒരു ക്നാനായ വൈദികനും കേരളത്തിലെ ക്നാനായ പള്ളികളിൽ ശുശ്രൂഷകൾ അർപ്പിക്കാൻ അനുവാദമില്ലെന്നാണ് ക്നാനായ ഭരണഘടനയുടെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയുള്ള ക്നാനായ കമ്മറ്റിയുടെ തീരുമാനം വികാരി ജനറാൾ പുറപ്പെടുവിച്ച സർക്കുലർ മുഖേന ഈ തീരുമാനം എല്ലാ പള്ളികളെയും അറിയിച്ചു.

6. പരി.ബാവായുമായുള്ള കത്തുകളിലും, ബാവായുമായുള്ള മീറ്റിംഗുകളിലും, പൊതുയോഗങ്ങളിലും, വിശുദ്ധ സിംഹാസനത്തോട് വലിയ ബഹുമാനമുണ്ടെന്ന് സമുദായ മെത്രാപ്പോലീത്ത അവകാശപ്പെടുന്നു. എന്നിരുന്നാലും അത് പ്രവൃത്തികളിൽ കാണാൻ കഴിയില്ല.

അന്ത്യോഖ്യായിലെ വിശുദ്ധ സിംഹാസനത്തിന്റെ താൽപര്യത്തിന് വിരുദ്ധമായി സമുദായ മെത്രാപ്പോലീത്ത എന്തെങ്കിലും ചെയ്തുവെന്ന ആരോപണത്തിന് ഒരു തെളിവും ഞങ്ങൾ കാണുന്നില്ല. അങ്ങക്കെതിരെയുള്ള ആരോപണങ്ങൾ വ്യാജവും ദുരുദ്ദേശ്യപരവും അങ്ങയെ കുടുക്കാനുള്ള ഏക ഉദ്ദേശത്തോടെയുമാണ്. സമുദായ മെത്രാപ്പോലീത്ത കോടതിയിൽ നൽകിയ സത്യവാങ്മൂലമാണ് അന്ത്യോഖ്യയിലെ പാത്രിയർക്കീസായിരുന്ന H.H. ന്റെ അധികാരത്തിന് അനുകൂലമായ കോടതി വിധിയിൽ കലാശിച്ചതെന്ന് അവർ മനസ്സിലാക്കുന്നില്ല.

7. വികാരി ജനറാളിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും പ്രവർത്തനങ്ങളെ സംബന്ധിച്ച്

വി. കുർബ്ബാന ശുശ്രൂഷയിൽ വിശ്വാസ കാര്യങ്ങളിൽ ക്നാനായ കമ്മറ്റിയോ വികാരി ജനറാളുമോ ഒരു മാറ്റവും

വരുത്തിയിട്ടില്ല. സമുദായ മെത്രാപ്പോലീത്തയെ വലിയ മെത്രാപ്പോലീത്ത എന്ന് അഭിസംബോധന ചെയ്യുന്നത് സഭയുടെ വിശ്വാസത്തിൽ ഒരു മാറ്റമല്ല, കാരണം ക്നാനായ ഭരണഘടനയും സുറിയാനി ഓർത്തഡോക്സ് സഭാ ഭരണഘടനയുടെ 66–ാം അനുച്ഛേദവും അനുസരിച്ച് ക്നാനായ സമുദായത്തിന്റെ ഭരണകാര്യങ്ങളിൽ സമുദായ മെത്രാപ്പോലീത്തായെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യേണ്ടത് ക്നാനായ കമ്മറ്റിയുടെയും ക്നാനായ അസ്സോസിയേഷന്റെയും കടമയും ഉത്തരവാദിത്വവുമാണ്. വൈദികസമിതിയുടെ പ്രസിഡന്റും ക്നാനായ കമ്മറ്റി ഭാരവാഹിയുമാണ് വികാരി ജനറാൾ. അതിനാൽ ക്നാനായ സമുദായത്തിന്റെ ഭരണകാര്യങ്ങൾ വരുമ്പോൾ സമുദായ മെത്രാപ്പോലീത്തായുടെ കല്പന ആവശ്യമില്ലാത്ത സന്ദർഭത്തിൽ സർക്കുലറുകൾ വികാരി ജനറാൾ പുറപ്പെടുവിക്കുന്നത് ഭരണഘടന ലംഘനം അല്ല.

സുറിയാനി ഓർത്തഡോക്സ് സഭാ ഭരണഘടന 1998 സെപ്റ്റംബർ 22 മുതൽ 26 വരെ ഡമാസ്കസിലെ മാറാട്ട് സൈദ്നായയിലെ സെന്റ് എഫ്രേം സെമിനാരിയിൽ നടന്ന വി. സുന്നഹദോസിൽ ഭേദഗതിവരുത്തി അംഗീകരിച്ചതിനു ശേഷം 26 സെപ്റ്റംബർ 1998 ന് H.H. മോറാൻ മോർ ഇഗ്നാത്തിയോസ് സക്കാ ഒന്നാമൻ നടപ്പിലാക്കിയതിനാൽ പ്രസ്തുത സഭാ ഭരണഘടനയിലെ വ്യവസ്ഥകളും പ്രസ്തുത സഭാ ഭരണഘടനയുടെ 66–ാം അനുച്ഛേദവും നടപ്പിലാക്കാൻ സമുദായ മെത്രാപ്പോലീത്ത ബാദ്ധ്യസ്ഥനാണ്.

8. യോഗ്യതയില്ലാതെയും അധികാരമില്ലാതെയും വിശുദ്ധ സിംഹാസനത്തിനെതിരായി പ്രവർത്തിക്കുന്നു എന്ന പരി. ബാവായുടെ ആരോപണത്തിന്റെ മറുപടി.

ക്നാനായ സമുദായ ഭരണസംവിധാനം മറ്റുള്ള ക്രിസ്ത്യൻ സമുദായത്തിൽ നിന്നും വ്യത്യസ്ഥമാണ്. ക്നാനായ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത് ക്നാനായ സമുദായം എ. ഡി. 345 ൽ കേരളത്തിലേക്ക് കനാൻ ദേശത്തു നിന്ന് കുടിയേറിയവരുടെ പിൻഗാമികളാണെന്നാണ്. ക്നാനായ ഭരണഘടന അനുസരിച്ചാണ് സമുദായത്തിൽ ഭരണം നടക്കുന്നത്. ക്നാനായ ഭരണഘടനയെ ബഹു. ഇന്ത്യൻ സുപ്രീം കോടതി അംഗീകരിച്ചിരിക്കുന്നു. ബഹു. ഇന്ത്യൻ സുപ്രീം കോടതിയുടെ വിധി ലംഘിക്കുന്ന ഏതൊരു പ്രവൃത്തിയും ക്നാനായ സമുദായത്തിന്റെ നിലനിൽപ്പിന് വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

സമുദായത്തിന്റെ എല്ലാ സാമ്പത്തിക കാര്യങ്ങളും ക്നാനായ ഭരണഘടനയുടെ വ്യവസ്ഥകൾ അനുസരിച്ച് ക്നാനായ കമ്മറ്റി തീരുമാനിക്കുന്നു. ഇത് ലംഘിച്ച് ബിഷപ്പുമാർ എന്തെങ്കിലും പ്രവൃത്തി ചെയ്താൽ അത് നിയമപരമായ വ്യവഹാരങ്ങളിൽ കലാശിക്കും. സമുദായത്തിന്റെ എല്ലാ കാര്യങ്ങളും സ്തംഭിക്കും. 1882 മുതൽ സമുദായത്തിന്റെ ഭരണം ക്നാനായ ഭരണഘടന അനുസരിച്ചാണ് നടക്കുന്നത്. ഈ ഭരണത്തിന്റെ ഗതി മാറ്റാൻ ആർക്കും കഴിയില്ല. ക്നാനായ പുരോഹിതന്മാർക്കും അൽമായ അംഗങ്ങൾക്കും ബിഷപ്പുമാർക്കും ഈ ഭരണഘടനയുടെ പരിധിയിൽ നിന്ന് മാത്രമെ പ്രവർത്തിക്കാൻ കഴിയൂ.

2014 ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് കാലം ചെയ്ത മോറാൻ മോർ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ ബാവായുടെ സാന്നിദ്ധ്യത്തിൽ ക്നാനായ മെത്രാൻമാരും അന്നത്തെ സമുദായ ഭാരവാഹികളും കൂടി ഉണ്ടാക്കിയ ധാരണപത്രം ക്നാനായ അസ്സോസിയേഷൻ നിരസിച്ചത് ഇതിന് ഉദാഹരണമാണ്. ക്നാനായ കമ്മറ്റിയെയോ അല്ലെങ്കിൽ ക്നാനായ അസ്സോസിയേഷനെതിരെയോ അന്നത്തെ പരി.സിംഹാസനം ഒരു നടപടിയും സ്വീകരിച്ചില്ല.

2017 മുതൽ ക്നാനായ അസ്സോസിയേഷനിൽ സമുദായ മെത്രാപ്പോലീത്ത പിന്തുണച്ച് ഭരണത്തിൽ ഒരു വിഭാഗം നിൽക്കുന്നു. ക്നാനായ അസ്സോസിയേഷനെ നിശബ്ദരാക്കാനുള്ള ഏതൊരു ശ്രമവും ഗുരുതരമായ നിയമ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. അസിസ്റ്റന്റ് ബിഷപ്പുമാർ തെറ്റിദ്ധാരണകളുടെ അന്തരീക്ഷം സൃഷ്ടിക്കുകയും പരി. പാത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. ഈ കടുത്ത സാഹചര്യങ്ങൾ മുഴുവൻ ക്നാനായ സമൂഹത്തിനും വിനാശകരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും.

യാക്കോബായ സമുദായം ഇന്ന് അനുഭവിക്കുന്ന അതേ പരിണിതഫലം ക്നാനായ സമുദായം അനുഭവിക്കും. ക്നാനായ സമുദായത്തിന്റെ ആത്മീയ കാര്യങ്ങളിലൊഴികെ എല്ലാ കാര്യങ്ങളിലും ക്നാനായ സമുദായത്തിന്റെ ഏറ്റവും ഉയർന്ന തീരുമാനമെടുക്കുന്ന സമതിയാണ് ക്നാനായ അസ്സോസിയേഷനെന്ന് പരി.പാത്രിയർക്കീസ് ബാവായെ വിനയപൂർവ്വം അങ്ങ് അറിയിക്കണം.

മാത്രവുമല്ല കാലം ചെയ്ത അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായെ കൂബർ നീത്തി ഹാക്കിമോ ആയും, കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായായും ഉയർത്തിയപ്പോൾ ക്നാനായ സമുദായത്തിലെ എല്ലാ പള്ളികളിലും ഇക്കാര്യം അറിയിച്ചത് സർക്കുലറിലൂടെ അന്നത്തെ വികാരി ജനറാൾ ആയിരുന്ന ചിറയിലച്ചനാണ്.

ക്നാനായ അസ്സോസിയേഷൻ എടുത്ത തീരുമാനം വികാരി ജനറാൾ സമുദായ ദൈവാലയങ്ങളെ അറിയിക്കുന്നത് എന്ന് മാത്രം. ആയതിനാൽ ആകമാന സുറിയാനി സഭാ ഭരണഘടനയിലെയും ക്നാനായ സമുദായ ഭരണഘടനയിലെയും വ്യവസ്ഥകൾ ക്നാനായ കമ്മറ്റിയുടെ കൃത്യമായ സഹായത്തോടും ഉപദേശത്തോടും കൂടി സമുദായ മെത്രാപ്പോലീത്ത യാതൊരു ലംഘനവും കൂടാതെ നടപ്പിലാക്കണമെന്ന ഈ റിപ്പോർട്ട് ക്നാനായ കമ്മറ്റിയും വികാരി ജനറാളും സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുന്നു.

അസ്സോസിയേഷൻ ശുപാർശകളും തീരുമാനങ്ങളും അംഗീകരിക്കാൻ സമുദായ മെത്രാപ്പോലീത്ത ബാദ്ധ്യസ്ഥനാണ്.

9. അമേരിക്കയിലെ ചില ക്നാനായ പള്ളികളിലെ തീരുമാനങ്ങൾക്ക് സമുദായ മെത്രാപ്പോലീത്ത സമ്മതമോ അനുമതിയോ നൽകിയിട്ടുണ്ടോ?

1951 ൽ മോർ ക്ലീമ്മീസ് ഏബ്രഹാം മെത്രാപ്പോലീത്തായുടെ അഭ്യർത്ഥനപ്രകാരം, കാലം ചെയ്ത പരി. മോർ ഇഗ്നാത്തിയോസ് അപ്രേം ഒന്നാമൻ അംഗീകരിച്ച മലങ്കര സുറിയാനി ക്നാനായ ഭരണഘടനയുടെ അധികാരത്തിലാണ് ക്നാനായ സമുദായത്തിലെ എല്ലാ പള്ളികളും ഭരിക്കുന്നത്. ഈ ഭരണഘടനയുടെ ആമുഖത്തിൽ പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നത് ക്നാനായക്കാർ പുരാതന വാഗ്ദത്ത ഭൂമിയായ കാനാൻ ദേശത്തുനിന്നും ക്നായി തോമ്മായുടെ ഉറഹായിലെ (എഡേസാ) മെത്രാപ്പോലീത്തയുടെയും നേതൃത്വത്തിൽ ഇന്ത്യയിലെ കൊടുങ്ങല്ലൂരിലേക്ക് കുടിയേറിയവരുടെ പിൻഗാമികളാണെന്നാണ്.

മലങ്കര സുറിയാനി ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത 1952 ജനുവരി 1 മുതൽ ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി. അതിനാൽ ലോകത്തിന്റെ ഏത് ഭാഗത്തും

സ്ഥിരതാമസമാക്കിയ ക്നാനായക്കാരുടെ എല്ലാ പള്ളികളും ഭരിക്കുന്നത് സമുദായ ഭരണഘടന പ്രകാരമാണ്. ക്നാനായ സമുദായത്തിലെ പള്ളികളിലെ മെത്രാപ്പോലീത്തായുടെ അധികാരപരിധി വേർതിരിച്ചറിയാൻ പ്രദേശിക അതിർത്തികൾ സ്ഥാപിക്കാത്ത ക്രിസ്ത്യാനിറ്റിയിലെ ഒരേയൊരു സമുദായം ക്നാനായ സമൂഹമാണ്. കാരണം ഈ സമൂഹം ജറുശലേമിൽ നിന്ന് പലായനം ചെയ്യേണ്ടി വന്ന യഹൂദ ക്രിസ്ത്യാനികളുടെ പിൻതുടർച്ചക്കാരാണ്.

ക്നാനായ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥകൾക്കെതിരെ ഒരു ലംഘനം കാണിച്ചാൽ തെറ്റ് ചെയ്ത വ്യക്തികൾക്കെതിരെ അച്ചടക്ക നടപടിയും വേണം.

ക്നാനായ ഭരണഘടനപ്രകാരം അധികാരമില്ലാതെ പള്ളികൾ സ്ഥാപിക്കുന്നത് ഭരണഘടന ലംഘനമാണ്. ക്നാനായ സമുദായം നിലനിൽക്കുന്നത് ഭരണഘടനയനുസരിച്ചാണ്. സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടന പ്രകാരം അല്ലാതെ പള്ളികൾ സ്ഥാപിച്ചാൽ ആ സഭ അത് അംഗീകരിക്കുമെന്ന് അനുമാനിക്കാൻ കഴിയുമോ?

ഭരണഘടനയുടെ ആർട്ടിക്കിൾ 51 അനുസരിച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ സമ്മതമില്ലാതെ ഒരു പള്ളിയിൽ നിന്ന് മാറി വേറൊരു പള്ളി നിർമ്മിക്കുന്നതിന് പ്രത്യേകമായി വിലക്കുണ്ട്. പരി. ബാവ ആരോപിക്കപ്പെടുന്ന കുറ്റം നിർണ്ണയിക്കേണ്ടത് ആകമാന സുറിയാനി സഭയുടെ ഭരണഘടനയുടെ വ്യവസ്ഥകളിലൂടെ മാത്രമാണ്. ഒരിക്കൽ കൂടി തിരുമേനിയുടെ കൈ ചുംബിക്കുന്നു. എന്ന് റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ക്നാനായ സമുദായ സെക്രട്ടറി.

സമുദായ മെത്രാപ്പോലീത്തായ്ക്ക് ഞങ്ങൾ ഇംഗ്ലീഷിൽ എഴുതി അയച്ചു കൊടുത്ത കത്തിലെ മുഴുവൻ ഭാഗവും അതുപോലെ ഇവിടെ ചേർക്കുവാൻ പറ്റിയില്ല. എങ്കിലും ആശയം എഴുതുവാൻ സാധിച്ചിട്ടുണ്ട്. ഈ കത്തും സമുദായ മെത്രാപ്പോലീത്ത നാലുപേജിൽ എഴുതിയ കത്തും എഴുതിയ കാര്യങ്ങളുടെ തെളിവുകളുടെ കോപ്പിയും വെച്ച് 30-04-2024 ൽ പരി. പാത്രിയർക്കീസ് ബാവായ്ക്ക് സമുദായമെത്രാപ്പോലീത്ത അയച്ചിട്ടുണ്ട്. ഈ ലേഖനം തയ്യാറാക്കുന്ന സമയം വരെയും ഒരു മറുപടിയും പരി. ബാവായിൽ നിന്നും വന്നിട്ടില്ല എന്ന് അറിയിക്കട്ടെ. ഈ മാസത്തെ ലേഖനം നീണ്ടു പോയതിൽ ക്ഷമിക്കുക.

**റ്റി. ഒ. ഏബ്രഹാം**
ക്നാനായ സമുദായ സെക്രട്ടറി

---

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ

**മാർ അപ്രേം സെമിനാരി, ചിങ്ങവനം**

## നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടനാഭേദഗതികൾക്കായി 23-04-2024 ൽ കൂടിയ ക്നാനായ കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള നിശ്ചയപ്രകാരം അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗം 2024 മെയ്മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ചിങ്ങവനം മാർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അസ്സോസിയേഷൻ അംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
അസ്സോ. സെക്രട്ടറി

## അജണ്ട

1. പ്രാർത്ഥന
2. അനുശോചനം
3. പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ
4. നോട്ടീസ് വായന
5. മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടനാ ഭേദഗതികൾ

**കുറിപ്പ്**

1. നിലവിലുള്ള വകുപ്പുകളും, ഭരണഘടന ഭേദഗതി കമ്മിറ്റിയുടെ ഭേദഗതി നിർദ്ദേശങ്ങളും അടങ്ങിയ ഡ്രാഫ്റ്റ് ഇതോടൊപ്പം അസ്സോസിയേഷൻ അംഗങ്ങൾക്ക് അയച്ചുതരുന്നു.
2. ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം മാത്രമേ അസ്സോസിയേഷൻ ഹാളിൽ പ്രവേശിക്കുവാൻ പാടുള്ളൂ.
3. വിദേശരാജ്യങ്ങളിൽ ഉള്ളതും അസ്സോസിയേഷൻ യോഗത്തിൽ വന്ന് സത്യപ്രതിജ്ഞ ചെയ്തതുമായ അംഗങ്ങൾക്ക് ഓൺലൈനിൽക്കൂടി അസ്സോസിയേഷൻ മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

## 1679–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ ആദ്യ സംഭാവന



1679–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ ആദ്യ സംഭാവന ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി മെഗാ സ്പോൺസറായ ശ്രീ തോമസുകുട്ടി കെ.ജെ. കണ്ണന്താനുത്തിൽ നിന്ന് സ്വീകരിക്കുന്നു.

## കോട്ടയം വലിയപള്ളിയിൽ ചതുശ്ശതോത്തര പഞ്ചസപ്തതി ആഘോഷം



കോട്ടയം വലിയ പള്ളിയുടെ ചതുശ്ശതോത്തര പഞ്ചസപ്തതി (475–ാം വാർഷികം) ആഘോഷങ്ങളുടെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു. സാബു ജേക്കബ് ചിറയിൽ, സുനിൽ ഏബ്രഹാം കല്ലുവെട്ടാംകുഴി, വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, കോട്ടയം നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, ഫാ. ഡിബിൻ കളത്തിപ്പറമ്പിൽ, ജേക്കബ് പണിക്കർ എന്നിവർ സമീപം.

## തിയോളജിക്കൽ ഡിപ്ലോമ കോഴ്സിന്റെ പാസിങ് ഔട്ട് സെറിമണി



ആഗോള ക്നാനായ സുവിശേഷ സമാജം അല്മായവർക്ക് വേണ്ടി നടത്തിയ തിയോളജിക്കൽ ഡിപ്ലോമ കോഴ്സിന്റെ പാസിങ് ഔട്ട് സെറിമണി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. സുവിശേഷ സമാജം വൈസ് പ്രസിഡണ്ട് ഫാ.ബെന്നി എബ്രഹാം മാമലശ്ശേരിൽ, ഫാ. ഏലിയാസ് ഇളവൻകളം, ഫാ. രാജൻ കുളമടയിൽ, ഫാ. ഡോ. ജെയിംസ് ജേക്കബ് തോടത്തിൽ, ഫാ. കുര്യാക്കോസ് മേലേക്കുറ്റ്, സമുദായ സെക്രട്ടറി ടി.ഒ.എബ്രഹാം തോട്ടത്തിൽ, മാത്യു എബ്രഹാം, ഫാ.ഡോ.തോമസ് എബ്രഹാം മലേശ്ശേരിൽ, സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ,ടി സി ജേക്കബ് എന്നിവർസമീപം

*80th Birthday*

25 - 05 - 2024



## ഏബ്രഹാം കുറിയാക്കോസ്

(കുഞ്ഞുമോൻ)

കുളത്രാമണ്ണിൽ, മഴുക്കീർ

ആശംസകളോടെ

കുഞ്ഞൂഞ്ഞമ്മ (ഭാര്യ)

മക്കൾ – മരുമക്കൾ – കൊച്ചുമക്കൾ

Advt - O

## 45 – ാം വിവാഹവാർഷികം

20 – 05 – 2024



## ലിലിക്കുട്ടി ബാബു & ബാബു ജോൺ

മേനോൻപറമ്പിൽ, ചെങ്ങളം സൗത്ത്

കോട്ടയം

ആശംസകളോടെ,

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - S




Advt -O

# വിവാഹിതരായി



പടിഞ്ഞാറ്റോതറ സെന്റ് ഗ്രിഗോറിയോസ് ക്നാനായപ്പള്ളി ഇടവകയിൽ വല്ല്യക്കൽ വി.പി. പുന്നൂസിന്റെയും ഷൈനി പുന്നൂസിന്റെയും മകൻ ***Albin Punnoose*** ഉം കോട്ടയം ഇറഞ്ഞാൽ സെന്റ് മേരീസ് ക്നാനായപ്പള്ളി ഇടവകയിൽ വടാമറ്റത്തിൽ കരിനാട്ട് വീട്ടിൽ റോണി കെ. ജോസഫിന്റെയും ജെസ്സി റോണിയുടെയും മകൾ ***Anu Rony*** യും തമ്മിലുള്ള വിവാഹം 08-04-2024-ൽ പടിഞ്ഞാറ്റോതറ സെന്റ് ഗ്രിഗോറിയോസ് ക്നാനായ പള്ളിയിൽ ***ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ*** മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - G



## *Congratulations and Best Wishes*

**Nysa P. Ginu,** Daughter of Mr. Ginu George and Mrs. Jyothi Ginu, Purathayil, Ennicade, Kerala. Address:- **Purathayil House, MIG-52, Housing Board Colony, Tatibandh, Raipur, Chhattisgarh State.** She completed her B.Tech in Computer Sciece from SRM University, Chennai, and thereafter was selected for Graduation M.S. (M.tech) from Rutgers University, New Brunswick, New Jersey, USA in Computer Science. After finishing her graduation, she is currently working as a Health Data Research Scientist at Temple University, Philadelphia, USA. "Fulfilling your dreams is one of the most satisfying experiences in life. and the dedication, passion, determination and sacrifices you made to achieve your set goals are something to be proud of." We are very proud of you, Molu. **CONGRATULATIONS AND BEST WISHES FOR ALL THE ACHIEVEMENTS YOU HAVE DONE AND ALL THAT YOU WILL DO.**

From Grand-Parents: Mr. P.C. Georgekutty and Mrs. Annamma George

Ph: 98261-83203, 98261-79981

Advt - O

# NAZARETH COLLEGE OF PHARMACY

APPROVED BY PCI & AFFILIATED TO KUHS

ENQUIRY QR CODE

## 2024-2025 ADMISSIONS

ENQUIRY OPEN

## PHARM.D

DOCTOR OF PHARMACY

&

## B.PHARM

BACHELOR OF PHARMACY



Mobile: 9447440076,9496427212,9495204940,9495237292

Address: OTHERA,THIRUVALLA,689546

Email: nazarethpharmacy@yahoo.co.in

Website: NAZARETHPHARMACYCOLLEGE.IN/https://nazarethpharmacycollege.edu.in/

Advt - O




*First Anniversary in Heaven*

12 June 2024



**Chachiamma Kuruvilla**

**Maliyekal, Kallissery**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

*1st Death Anniversary*

03 - 06 - 2024



**Mariyamma John (Thankamma)**

**Kulamadayil, Ranni**

With love & Prayers
Family Members

Advt -O



*50th Wedding Anniversary*

12- 05 - 2024

## Jacob Cherian (Mon)
## &
## Babykutty Jacob

**Aronnil, Ranni (USA)**

"Thanks be to God for his
indescribable gift"
(2 Corinthians 9:15)

Happy 50th Wedding Anniversary to our
most beloved Appacha & Ammachi
with Love & Prayers
Jiya & Jaimon
Tintu
Jerush, Jueta, Jeritta



## 14th Death Anniversary

**07-05-2024**

## Adv. Julian Kuruvilla Jacob

**Aronnil, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing family

Advt -G

## 12-ാം ചരമവാർഷികം

18-05-2024



## എം. ജെ. ഏബ്രഹാം

(Rtd. P.W.D Engineer)

മലേശ്ശേരിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 8-ാം ചരമവാർഷികം

15-05-2024



## എം. സി. ചാക്കോ

കുഞ്ഞുമോൻ

മാടയ്ക്കൽ, പാലക്കുടി, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 40-ാം ചരമദിനം

01-06-2024



## ജോൺ ജേക്കബ് (ജിനു)

ഒലിയപുറത്ത്, രാമമംഗലം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഒ.സി. യോഹന്നാൻ (പപ്പ)
മറിയം യോഹന്നാൻ (അമ്മ)
ലീജ ജേക്കബ് (ഭാര്യ)
നേഹ ജേക്കബ് (മകൾ)
ഹെലൻ ജേക്കബ് (മകൾ)
ജോഹാൻ ജേക്കബ് (മകൻ)
ജോവാന ജേക്കബ് (മകൾ)
ജിൻസി ജോൺ (സഹോദരി)

Advt -O

## 40-ാം ചരമദിനം

7-05-2024



## റ്റിറ്റിമോൾ മാത്യു (59) (റ്റിറ്റി)

നെടുഞ്ചിറ, കൊമറത്തുംപറമ്പിൽ, ചെങ്ങളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

20–ാം ചരമവാർഷികം
28–04–2024

8–ാം ചരമവാർഷികം
22–05–2024



## കെ. എ. മാത്യു കുഞ്ഞമ്മ മാത്യു

കളത്തിപ്പറമ്പിൽ, കിളിരൂർ,
കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

22–ാം ചരമവാർഷികം
5–05–2024



## ഈശ്വരൻപറമ്പിൽ അച്ചൻ

കുറിച്ചി

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

*16th Happy Birthday to our Angel in Heaven*
26–05–2024



## LIDIYA ELVIS NELLICKAL

Nellickal House, Vallamkulam, Thiruvalla
(26-05-2008)

"Though you might no longer be by our side, your love will forever guide us... and knowing that your are in peace make us happy as long as will live"

With love and hope
Elvis & Binu, Lesly, Lifin & Hanok, Leen

40–ാം ചരമദിനം
28–05–2024



## മേരിക്കുട്ടി തോമസ് (അമ്മിണി)

W/o V.O.Thomas (Rtd. KSEB, Asst Engr.)
വടക്കേപറമ്പിൽ, വള്ളംകുളം

"അളവുനൂൽ എനിക്കു
മനോഹരദേശത്ത് വീണിരിക്കുന്നു;
അതേ എനിക്കു നല്ലോരവകാശം
ലഭിച്ചിരിക്കുന്നു. (സങ്കീ: 16:6"

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

Advt -G



# CAREER Wisdom- കരിയർ ഗൈഡൻസിന്റെ പ്രാധാന്യം!

സുനിൽ ഡി. കുരുവിള

"സാർ, ഇപ്പോൾ പ്ലസ് ടു കഴിഞ്ഞു? ഇനി തുടർന്ന് എന്ത് പഠിക്കണം എന്നൊരു കൺഫ്യൂഷൻ"- അറിയപ്പെടുന്ന ഒരു CBSE സ്കൂളിലെ ഒരുവിധം നല്ലൊരു ഉഴപ്പനാണ് കക്ഷി.

"ഒരു IPS ആണ് എന്റെ ആഗ്രഹം."

ഇന്ന് പലപ്പോഴും കുട്ടികൾക്ക് വലിയ ലക്ഷ്യങ്ങൾ ഒക്കെ 'ഓതി'ക്കൊടുക്കാൻ ഒരുപാടു പേരുണ്ട്. എന്നാൽ ഉന്നതമായ ലക്ഷ്യങ്ങൾക്ക് പുറകിൽ ഉണ്ടാകേണ്ട അടിസ്ഥാന പ്രവർത്തനം എങ്ങനെയാകണം.. ആരാണ് ഇത്തരം ലക്ഷ്യങ്ങൾ ഒക്കെ നേടിയെടുക്കുന്നത്... എങ്ങനെ പഠനവും വ്യക്തിത്വവും ആസൂത്രണം ചെയ്യണം. ഈവക കാര്യങ്ങളിൽ ഒരു ഗൈഡൻസും കുട്ടികൾക്ക് കിട്ടുന്നില്ല. വലിയ ലക്ഷ്യങ്ങൾ പറഞ്ഞുകൊണ്ട് നടന്നാൽ മാത്രം അതിൽ എത്തിച്ചേരില്ല. പലപ്പോഴും അത്തരം ലക്ഷ്യങ്ങൾ ശരിയായ യാഥാർഥ്യങ്ങൾ മനസ്സിലാക്കാതെയും വസ്തുനിഷ്ഠമായി അവലോകനം ചെയ്യാതെയും ഒക്കെ 'വച്ചുകെട്ടുമ്പോൾ' വിപരീത ഫലം ആകും ലഭിക്കുക. ഒന്നും ആകാതെപോകുന്ന- നിരാശരായി പോകുന്ന യുവത.

സുഹൃത്തായ ഒരു കോളേജ് അദ്ധ്യാപിക വിളിച്ചു. "സാർ മകൾ ഇപ്പോൾ plus one കഴിഞ്ഞു. മിടുക്കിയാണ് എങ്കിലും higher study സംബന്ധിച്ചു കുറെ സംശയങ്ങൾ ഉണ്ട്. ഒന്ന് നേരിൽ കാണണം".

എൻട്രൻസ് താല്പര്യമില്ല. സംസാരിച്ചു വന്നപ്പോൾ കുട്ടിക്ക് കണക്കിൽ ആണ് ഏറ്റവും മികവുള്ളത് എന്ന് മനസ്സിലായി. കണക്കു പഠിച്ചാൽ എന്തെല്ലാം സാദ്ധ്യതകൾ ഉണ്ട്. ഏതെല്ലാം professional മേഖലയിലേക്ക് തിരിയാം. എങ്ങനെ ഒരു ഉന്നതമായ career നേടിയെടുക്കാം. ഇതൊക്കെയായിരുന്നു ഞങ്ങളുടെ ചർച്ച.

തിരികെ പോകുമ്പോൾ ആ അദ്ധ്യാപിക പറഞ്ഞ വാക്കുകൾ വളരെ ഹൃദ്യമായിരുന്നു, "വലിയ ഒരു സമാധാനവും അതിലേറെ ആത്മവിശ്വാസവും ആണ് ഞങ്ങൾക്ക് ലഭിച്ചത്!" മകൾ കൂട്ടിച്ചേർത്തു, "ഇനിയും പഠിക്കാൻ ഒരു motivation ഉണ്ട്... ഒരു കാരണമുണ്ട്... thank you so much, Sir."

സ്കൂളിൽ തന്നെ IAS കോച്ചിംഗ് തുടങ്ങണോ? സ്കൂളിൽ കുട്ടികൾ സമഗ്രമായ വ്യക്തിത്വ വികസനം നേടട്ടെ. നന്നായി പഠിക്കുകയും ചെയ്യട്ടെ! അവരെ discover ചെയ്യാൻ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും സഹായിക്കാം. അവരെ കുട്ടിക്കാലത്തു തന്നെ ഒന്നും 'ആക്കാൻ' ശ്രമിക്കാതിരിക്കാം. അവൻ സ്വയം കണ്ടെത്തി ആയിക്കൊള്ളും. നല്ല ഗൈഡൻസ് വലിയ ഗുണം ചെയ്യും! എന്തിനു സ്കോപ്പ് ഉണ്ട് എന്നു മാത്രം നോക്കി കുട്ടികളുടെ ഭാവി തീരുമാനിക്കാതിരിക്കാം. കുട്ടിക്ക് എന്താണ് അഭിരുചിയുള്ളതു...താല്പര്യമുള്ളതു...കണ്ടെത്താം!

എന്തുകൊണ്ടാണ് മികച്ച വിദ്യാഭ്യാസ-മാർഗനിർദ്ദേശം ഈ കാലത്തു വളരെ പ്രാധാന്യമുള്ളതാകുന്നത്?

*ഓരോ കുട്ടിയും unique ആണ്. അവരുടെ അഭിരുചി, താല്പര്യം, കഴിവുകൾ എല്ലാം ഉന്നത വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഗൗരവമായി പരിഗണിക്കേണ്ടത് ആവശ്യമാണ്-സന്തോഷകരമായ ഭാവിജീവിതത്തിന് അനിവാര്യമാണ്.

കഴിവില്ലാത്ത- ഇഷ്ടമില്ലാത്ത മേഖലയിൽ ഒക്കെ ജോലി ചെയ്യേണ്ടി വരുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പേർസണൽ ലൈഫിലും family യിലും സാമൂഹിക ജീവിതത്തിലും ഒക്കെ പ്രതിഫലിക്കും.

*നൂറുകണക്കിന് കോഴ്സുകൾ, institutions.. വിദേശ രാജ്യത്തെ പഠന സാദ്ധ്യതകൾ എന്നിവ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിക്കണം. ഇല്ലെങ്കിൽ agent മാരും broker മാരും നമ്മുടെ ജീവിത 'വിധി' തീരുമാനിക്കും!

എല്ലാവരും entrance പഠിക്കണം എന്നില്ല... ചിലർക്ക് ആത്മവിശ്വാസത്തിനും ആശയ വിനിമയപാടവത്തിനും ആണ് 'coaching' വേണ്ടത്!

*കുട്ടികളുടെ പഠന- നൈപുണ്യ- വികസന ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുക- സമഗ്രവ്യക്തിത്വ വികസനം ഉറപ്പാക്കുക. പഠനത്തിൽ കൂടുതൽ motivation നൽകാനും ലക്ഷ്യങ്ങളെ കുറേകൂടി sharpen ചെയ്യാനും സഹായിക്കുക. ആവശ്യമായ ജീവിത മൂല്യങ്ങൾ ഉറപ്പിക്കുക.

*ഡിഗ്രി തലത്തിൽ ഒക്കെ 'specialisation' കോഴ്സുകൾ ഒക്കെ ചെയ്യുന്നത് വലിയ ഗുണം ചെയ്യണം എന്നില്ല. Forentsic science, artificial intelligence, genetics ഒക്കെ post graduate ലെവലിൽ പഠിക്കുന്നതാണ് അഭികാമ്യം. മികച്ച സ്ഥാപനങ്ങളിൽ പഠിക്കാൻ കഴിഞ്ഞാൽ വളരെ നല്ലത്.

*അതുപോലെ വിദേശരാജ്യത്തു പഠിക്കാൻ പോകുമ്പോൾ നല്ല മാർഗ്ഗ നിർദ്ദേശം ആവശ്യമാണ്, പ്രത്യേകിച്ച് MBBS ഒക്കെ പഠിക്കാൻ പ്ലാൻ ചെയ്യുമ്പോൾ.

*കൂട്ടുകാരുടെ സമ്മർദ്ദവും മാതാപിതാക്കളുടെ 'പഴകിയ' അറിവും google നിന്ന് ലഭിക്കുന്ന information ഉം ആധികാരികമായിക്കൊള്ളണം എന്നില്ല. സുഹൃത്തുക്കളുടെയും പരസ്യങ്ങളുടെയും ഒക്കെ സ്വാധീനം ചെറുക്കാൻ കഴിയണമെങ്കിൽ നല്ല guidance കൂടിയേതീരൂ.

* Career രംഗത്തും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ; പുതിയ കോഴ്സുകൾ തൊഴിൽ മേഖലകൾ industry expectaion ഒക്കെ കാലേകൂട്ടി update ചെയ്യാൻ നല്ല ഗൈഡൻസ് സഹായിക്കും.

*സമഗ്രമായ ജീവിത വീക്ഷണം, സന്തോഷം, സംതൃപ്തി ഒക്കെ യുവതയിൽ പ്രോത്സാഹിപ്പിക്കാൻ കഴിയണം. ജീവിതത്തെക്കുറിച്ച്– സമൃദ്ധമായ ജീവിതത്തെക്കുറിച്ച് കൗമാരക്കാർക്ക് ദർശനവും കാഴ്ചപ്പാടും നൽകേണ്ടതുണ്ട്. Standard of living അല്ല quality of life ആണ് ലക്ഷ്യം വെക്കേണ്ടത്.

*മാതാപിതാക്കളും കുട്ടികളും തമ്മിൽ career കാര്യങ്ങളിൽ തർക്കം ഉണ്ടാകുമ്പോൾ ഏതുവശത്താണ് ശരി എന്ന് എങ്ങനെ തീരുമാനിക്കും? 20 വർഷം മുൻപുള്ള parents ന്റെ അറിവ് ഇന്ന് valid ആയിക്കൊള്ളണം എന്നില്ല. കുട്ടിക്ക് ആഗ്രഹമുള്ള കാര്യങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടണമെന്നും ഇല്ല. ഇവിടെ നല്ല ഗൈഡൻസ് സഹായിക്കും.

*നല്ല ഗൈഡൻസ് തെറ്റുകളിൽ വീഴാതെ വലിയ ലക്ഷ്യബോധത്തിൽ നിൽക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു! They stand tall, stand strong and stand different.

*കൂടുതൽ ധൈര്യവും വ്യക്തതയും ആത്മവിശ്വാസമുള്ള മാതാപിതാക്കളെ സൃഷ്ടിക്കുന്നു!

'Good guidance is nation building.''

അഭിരുചിയും താല്പര്യവും ഉണ്ടായിട്ടും വേറിട്ട വഴിയിൽ യാത്ര ചെയ്യാൻ Risk എടുക്കാൻ ഒക്കെ പൊതുവെ പേടിയുള്ളവരാണ് പൊതുവെ മലയാളികൾ. നല്ല ഗൈഡൻസ് ധൈര്യം തരും. Career നല്ല രീതിയിൽ ആസൂത്രണം ചെയ്യാൻ സഹായിക്കും. Risk കുറയും!

നല്ല ഗൈഡൻസ് എവിടെ ലഭിക്കും? അതിനു quality യിൽ യാതൊരു compromise ഉം പാടില്ല. കാരണം അതിന്റെ വില നമ്മുടെ ഓരോരുത്തരുടെയും കുട്ടികളുടെ ഭാവിയുടെ വിലയാണ്. സഭയായി തന്നെ ഈ കാര്യത്തിൽ ഗൗരവമായ പ്രവർത്തനങ്ങൾ ആരംഭിക്കും എന്ന് പ്രതീക്ഷിക്കട്ടെ! ഒരു child & youth development centre ഒക്കെ കാലം ആവശ്യപെടുന്നു!

*(സുനിൽ കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്*

*Ph. + 91 9656144712*

*'Sunil Kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്.)*

---

**കവിത**

# യേശുവിന്റെ ഉത്ഥാനത്തിന്റെ രഹസ്യങ്ങൾ

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

ഓരോരോ കാര്യം തുടങ്ങും മുമ്പേ
ദൈവഹിതം തേടിടുക
കർത്തൻ കാര്യം ഏറ്റെടുത്ത്
വിജയത്തിൻ പാതയിലെത്തിക്കുമേ
യിസ്രായേലിൻ രാജാവാം ഹിസ്കിയാവ്
ദൈവഹിതത്തിന് വഴങ്ങിടാതെ
ആയുസ്സു നീട്ടി വാങ്ങിക്കൊണ്ട്
ദുഷ്ടനാം മനേശ്ശയ്ക്ക് ജന്മം നൽകി
യൂദാ തൂങ്ങി മരിച്ചതാം താഴ്‌വര
ക്രൂശിതരെയെല്ലാം എറിഞ്ഞതാം താഴ്‌വര
കെടാത്ത തീയും ചാകാത്ത പുഴുവുമായി
ഗെഹന്ന താഴ്‌വര നീറിടുന്നു
യിസ്രായേലിൻ ചരിത്രത്തിലെ മനേശ്ശ രാജാവ്
നരക തുല്യമാം ഗെഹന്ന താഴ്‌വരയിൽ
മുളേക്ക് എന്നൊരു ജാതിയ ദേവന്
മക്കളെയൊക്കെ ബലികൊടുത്തു.
കൂട്ടരേ, നിങ്ങൾ അറിഞ്ഞിടുക
ഈശോ 'നോ', പറഞ്ഞതിൻ പിന്നാലെ
വാശി പിടിച്ചു പോയിടുകിൽ
കിട്ടന്നതു തെല്ലും യോഗ്യമല്ല.
ലാസറിന്റെ ഭവനത്തിൽ ചെന്നതാം ഈശോയെ
മഗ്ദലന മറിയം കണ്ടുവണങ്ങി
പരിമള തൈലം പൂശിക്കൊണ്ട്
മരണാനന്തര ശുശ്രൂഷ നൽകിയല്ലോ.
ഗെഹന്ന താഴ്‌വരയിൽ എറിഞ്ഞിടാതെ
മാന്യമാം അടക്കം കിട്ടിടുവാൻ
ഈശോ, ശിഷ്യരെ കരുതിവെച്ചു
രഹസ്യമായി ശിഷ്യരെ കരുതിവെച്ചു.
നിക്കോദിമോസും യൗസേഫും കൂടെ
പീലാത്തോസിന്റെ അനുവാദം തേടി
സുഗന്ധം പൂശി, ശീലകൾ ചുറ്റി
യൗസേഫിൻ കബറിൽ അടക്കിയല്ലോ
നീതിമാനായ കർത്തനേശു
പാതാളത്തിൽ ഉയർത്തുകൊണ്ട്
നോഹയുടെ കാലത്തു മരിച്ചതാം മക്കൾക്ക്
വചനം വാരി വിതറിയല്ലോ
മൂന്നാം നാൾ കർത്തൻ ഉയർത്തു
ശിഷ്യരെയൊക്കെ തേടിയെത്തി
അനേകപേർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട്
തന്നുടെ നിലപാട് വ്യക്തമാക്കി
ഞായർദിനേ കർത്തൻ ഉയർത്തു
ശനിയാഴ്ച, ആരാധന ഞായറാഴ്ചയാക്കി
ആത്മശരീര വിശുദ്ധിയോടെ
ദിവ്യകാരുണ്യം അനുഭവിക്കൂ!
സർവ്വശക്തനായ ഈശോയ്ക്ക്
രണ്ടു കാര്യം പറ്റില്ലല്ലോ
പാപം ക്ഷമിച്ചാൽ ഓർക്കില്ലപോലും
കണ്ണീർ കണ്ടാൽ മറികടക്കില്ല
ഈശന്റെ രണ്ടാം വരവിനൊപ്പം
അടക്കപ്പെട്ട ശരീരം ഉയർക്കപ്പെടും
മാന്യമാം വേഷം ധരിച്ചു കൊണ്ട്
ശരീര വിശുദ്ധി പാലിച്ചീടൂ
ക്രിസ്തു കൂടെ ഉള്ളതുകൊണ്ട്
നിരീശ്വരവാദികളും രാജാക്കന്മാരും
ക്രിസ്തീയ സഭ മുടിപ്പിക്കാൻ നോക്കിയിട്ടും
പൂർവ്വാധികം ശക്തി പ്രാപിച്ചുപോലും
സഹനത്തിൽ സന്തോഷം കണ്ടെത്തുവാൻ
ലോകത്തെ ജയിച്ചു മടങ്ങിടുവാൻ
നിൻഹിതം എന്നിൽ നിറവേറുവാൻ
നിന്നുടെ 'കൂടാരം' എന്നിലടിക്കൂ.

# ആരാണ് വലിയവൻ

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

ആനയും കുരങ്ങും കൂടി തങ്ങളുടെ കഴിവിന്റെ കാര്യം പറഞ്ഞ് വഴക്കുണ്ടാക്കുമായിരുന്നു. ഇതു ദിവസവും കേൾക്കുന്ന ഒരു പാവം കാക്ക അവരോടു പറഞ്ഞു, നമുക്ക് ഒരു പന്തയം നടത്തി ആരാണ് കഴിവുള്ളതെന്നു കണ്ടുപിടിക്കാം. തൊട്ടപ്പുറത്ത് ഒരു കാട് ഉണ്ട്. അവിടെ ഒരു മരമുണ്ട്. ആ മരത്തിൽനിന്ന് ഒരു കായ് പറിച്ചുകൊണ്ടു വരണം. ആദ്യം കൊണ്ടുവരുന്ന ആളാണ് വിജയി. രണ്ടുപേരും സമ്മതിച്ചു. അങ്ങനെ മത്സരം ആരംഭിക്കുയാണ് റെഡി, വൺ റ്റു, ത്രി രണ്ടുപേരും കൂടി ഓടി അവർക്ക് ഒരു പുഴ കടന്നുവേണം ആ മരത്തിന്റെ ചുവട്ടിൽ എത്താൻ. വേഗം പുഴയിലേക്ക് ഇറങ്ങിയ കുരങ്ങൻ ഒഴുക്കിൽപ്പെട്ടു ഇതു കണ്ട് ആന തന്റെ തുമ്പിക്കൈകൊണ്ടു പിടിച്ച് കുരങ്ങനെ ആന പ്പുറത്തു കയറ്റിക്കൊണ്ട് നദി കടന്നു. മരത്തിന്റെ ചുവട്ടിൽ ചെന്നു. കുരങ്ങനെ താഴെനിർത്തി ആന തുമ്പി ക്കൈകൊണ്ട് കായ് പറിക്കാൻ നോക്കി എത്തുന്നില്ല. എന്നാൽ കുരങ്ങൻ മരത്തിൽ ചാടിക്കയറി ഉയരത്തിൽ ചെന്നു കായ് പറിച്ചു. രണ്ടുപേരും തിരിച്ച് കാക്കയുടെ അരികിൽ ചെന്നു. അവരുടെ തെറ്റു മനസ്സിലാക്കിയ കുരങ്ങും ആനയുംകൂടി ഒന്നിച്ചു പറഞ്ഞു ഞങ്ങൾ ഇനിയും ഒരിക്കലും ഞങ്ങളുടെ കഴിവുകൾ പറഞ്ഞ് അഹംങ്കരിക്കില്ല. ഇതല്ലേ നമ്മുടെ ജീവിതവും. "സ്വന്തം അജ്ഞതയെക്കുറിച്ച് ബോധവന്മാരായിരിക്കണം" (പ്രഭ. 4:25). അഹംബോധം അഴിയുന്നതും അഴിയേണ്ടതുമായ ചില നിമിഷങ്ങളുണ്ട്. അത് അപരന്റെ നിസ്സഹായതയിലാകാം; സ്വയം ഉയർച്ചയിലാകാം. അപ്പോഴാണ് മുമ്പോട്ടുള്ള ജീവിതത്തിലെ ഏറ്റവും സുന്ദരമായ ബന്ധം ഉണ്ടാവുക. ഇനിയും മുമ്പോട്ടു പോകാൻ പറ്റില്ല എന്ന നേരത്താണ് നമ്മൾ ഒന്നുമല്ല എന്ന തോന്നൽ നമുക്കുണ്ടാവുന്നത്. ഓരോരുത്തരുടെയും കഴിവുകളിലും കുറവുകളിലും ഒന്നു കൈകൊടുത്താൽ നമ്മുടെ സമുദായത്തിലും മറ്റെല്ലായിടത്തുമുള്ള വഴക്കും പിണക്കവും ഒക്കെ സമാധാനപരമായ രീതിയിൽ തിരിച്ചുപിടിയ്ക്കാൻ പറ്റുമെങ്കിൽ എന്തിനാണ് പുറം തിരിഞ്ഞു നില്ക്കുന്നത്. രണ്ടുമൂന്നു വർഷക്കാലം നമ്മുടെ മുമ്പിൽകൂടി എന്തെല്ലാം കടന്നു പോയി. വെള്ളപ്പൊക്കവും കോവിഡുമൊക്കെ വന്നപ്പോൾ അവിടെ നമ്മുടെ അധികാരങ്ങൾക്കോ പണത്തിനോ പ്രതാപത്തിനോ നമ്മെ സഹായിക്കാൻ കഴിഞ്ഞോ. ജാതിമത ഭേദമെന്യേ എല്ലാവരും ഒരുപോലെ "കൊയ്ത്തു ഫലശേഖരവും കഴിഞ്ഞു നാം രക്ഷിക്കപ്പെട്ടതുമില്ല. എന്റെ ജനത്തിന്റെ പുത്രിയുടെ മുറിവു നിമിത്തം ഞാനും മുറിപ്പെട്ടു ദുഃഖിച്ചു നടക്കുന്നു" (യിരമ്യ. 8:20). ഒരു കാര്യം നേടുമ്പോൾ അതിന്റെ പേരിൽ മറ്റെന്തൊക്കെ നഷ്ടപ്പെടുന്നുണ്ട് എന്നതുകൂടി കണക്കിലെടുത്തുവേണം നേട്ടത്തിന്റെ വലുപ്പം അളക്കാൻ. കാലം മാറുന്നതനുസരിച്ച് പിടിച്ചെടുത്ത അധികാരക്കസേരകളും മാറിക്കൊണ്ടിരിയ്ക്കും. ഒരിക്കലും നഷ്ടപ്പെടരുതാത്തത് നഷ്ടപ്പെടുത്തി താല്ക്കാലിക അധികാര സുഖങ്ങൾക്കുവേണ്ടിയുള്ള ഈ മനുഷ്യജീവിതത്തിന്റെ മൽപിടിത്തമാണ് പിന്നീടുണ്ടാകുന്ന കുറ്റബോധങ്ങളിൽ ഏറ്റവും വലുത്. എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ടതു സമ്പത്തല്ല, അധികാരമല്ല, നമ്മുടെ സൗഹൃദവും സമ്പർക്കവുമാണ്. ഇന്ന് അല്ലെങ്കിൽ നാളെ ലോകം വിടേണ്ടവർ മറ്റെവിടെയോ സ്ഥിരമായി ചേക്കേറേണ്ടവർ.

"വിശുദ്ധിയേ തികച്ചു നാം ഒരുങ്ങി നില്ക്കാ–
പ്രിയൻ വരവതിൽ താമസം ഏറെയില്ല".

കവിത

# നന്ദി

**പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്**
**മള്ളൂച്ചേരിൽ, റാന്നി**

എത്ര നാളായ് കൊതിക്കുന്നു ഞാൻ
എൻപ്രിയനോടുര ചെയ്‌വാൻ– ഒരു കാര്യം
ഭീതിയൊ, ലജ്ജയൊ, പാപക്കനമൊ
കാരണം എന്തെന്നറിയില്ല
അറിയില്ല......ഉരചെയ്‌വാനെനിക്കാവതില്ല
ചപലയാമെന്നെ കൈനീട്ടി വിളിച്ചതും
വചന നറും മുത്തുമാല്യമണിയിച്ചതും
തരള സ്നേഹത്തിൻ വാത്സല്യ നോട്ടവം..
പിൻവലിക്കല്ലേ, ഒരു നാളും ഭവാൻ
നിൻ പാദാന്തികേ ചേർന്നിരുന്ന്
എൻ പാപഭാണ്ഡത്തിൻ വിഴുപ്പഴിച്ചു
വയ്ക്കട്ടെ
ഹാ സ്വതന്ത്രയായ് ഞാൻ, നേടീ മുക്തി
ഇനി എൻ പ്രിയനോടുരചെയ്യട്ടെ ഞാൻ
ഇനിയില്ല ദുഃഖത്തിൻ കണ്ണീരെനിക്ക്
ഇനിയുള്ളതോ ആനന്ദക്കണ്ണീർ മാത്രം
ഇനി ഞാൻ ഉരചെയ്യട്ടെ എൻ പ്രിയനോട്
ഉര ചെയ്യാനുള്ളൊരു കാര്യം
'നന്ദി' എന്ന രണ്ടക്ഷരം മാത്രം
എൻ പ്രിയനോടുര ചെയ്യട്ടെ നന്ദി.... സ്വസ്തി...

## മലങ്കര സുറിയാനി ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ

# മോർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്ത

## ഒരു അനുസ്മരണം

ഫാ. പി. റ്റി. മാത്യു, പയ്യനാട്ട്

ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഇടവഴിക്കൽ മോർ സേവേറിയോസ് തിരുമേനി നമ്മെ വിട്ടുപിരിഞ്ഞിട്ട് 97 സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇന്നീ സമുദായം യോഗ്യമായ വിധത്തിൽ അദ്ദേഹത്തെ ഓർക്കുന്നുണ്ടോ? ജൂൺമാസം 11-ാം തീയതി അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയപള്ളിയിൽ വി.കുർബ്ബാന അർപ്പിക്കും; കബറിങ്കൽ ധൂപപ്രാർത്ഥന നടത്തും. തീർന്നില്ലേ? ആ താപസശ്രേഷ്ഠന്റെ ഉപദേശങ്ങളെ മാനിച്ചു ജീവിച്ചെങ്കിൽ മാത്രമേ വന്ദ്യപിതാവിന്റെ ആത്മാവു പ്രശോഭിതമാക്കുകയുള്ളൂ.

കൊടുങ്ങല്ലൂരിൽ നിന്നു തെക്കോട്ടു യാത്ര ചെയ്ത ക്നാനായ സമൂഹം കടുത്തുരുത്തിയിൽ ദൈവാലയം സ്ഥാപിച്ചു. കാലത്തിന്റെ കുത്തൊഴുക്കിൽ ഏതോരു വൈദേശിക ശക്തിയിൽനിന്നു നാം മോചനം പ്രാപിച്ചു എന്നഭിമാനിച്ചുവോ ആ ശക്തിക്കു ചിലരുടെ വ്യക്തി താല്പര്യങ്ങൾ മൂലം കീഴ്പ്പെട്ടു ദൈവാലയം നഷ്ടപ്പെടുത്തേണ്ടി വന്നു. അവിടെ നിന്നു യാത്ര തിരിച്ചവരായ നമ്മുടെ പൂർവ്വികർ കോട്ടയത്തു വന്നു. രാജാക്കന്മാരുടെ അനുഗ്രഹാശിസ്സോടെ പള്ളി സ്ഥാപിച്ചു. അതാണ് ഇന്ന് അനന്തവിഹായസ്സിൽ തല ഉയർത്തി നിൽക്കുന്ന കോട്ടയം വലിയപള്ളി. ഏതാണ്ട് 470 വർഷങ്ങൾക്കു മുമ്പു മുതൽ പരി. അന്ത്യോഖ്യാ സിംഹാസനത്തിനു കീഴ്പ്പെട്ടു ഇന്നും തല ഉയർത്തി നിൽക്കുന്നു നമ്മുടെ ദൈവാലയം. ക്നാനായ സമുദായത്തിന്റെ ആദ്യ ദൈവാലയമാണിത്.

കോട്ടയം വലിയപള്ളിയിൽ, ഇടവഴിക്കൽ പീലിപ്പോസുകത്തനാരും, മകൻ ഇടവഴിക്കൽ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പായും ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. മാർത്തോമ്മാ സഭയുടെ ഉപജ്ഞാതാവ് പാലക്കുന്നത്തു മാത്യുസ് മാർ അത്താനാസ്യോസിന്റെ ആജ്ഞാനുവർത്തികളായ ഒരു യൗസേഫു കത്തനാരും ഒരു തോമ്മാകത്തനാരും ഉണ്ടായിരുന്നു. മാർ അത്തനാസ്യോസ് മെത്രാനും ഇദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായ മേൽപ്പറഞ്ഞ വൈദികരും, അവരെ പിന്തുണയ്ക്കുന്ന കുറെ ആളുകളും, നവീകരണക്കാരായ സി.എം.എസ്.മിഷനറിമാരോടും ചേർന്നു നിന്നു നവീകരണ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. നമ്മുടെ പിതാക്കന്മാരായ ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശായും മകൻ ഇടവഴിക്കൽ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പായും പരി. അന്ത്യോഖ്യാ ശ്ലൈഹിക സിംഹാസനത്തിൻ കീഴിൽ സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം സഭാമക്കളെ പഠിപ്പിച്ചും ശുശ്രൂഷിച്ചും കൊണ്ടുമിരുന്നു.

കഷ്ടം എന്നു പറയട്ടെ 12-02-1860 ഞായറാഴ്ച പാലക്കുന്നത്തു മെത്രാന്റെ സിൽബന്ധികളായ പട്ടക്കാരും കുറെ ആളുകളും നമ്മുടെ കോട്ടയം വലിയപള്ളിയിൽ വി. കുർബ്ബാനയ്ക്ക് അംശവസ്ത്രം ധരിച്ചുകൊണ്ടിരുന്ന പീലിപ്പോസ് കശ്ശീശായേയും, മകൻ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പായേയും ദേഹോപദ്രവം ഏല്പിച്ചു പള്ളിയിൽ നിന്നു അടിച്ചു പുറത്താക്കി. മനുഷ്യത്വമുള്ള ഓരോ ക്നാനായക്കാരനും ഈ സംഭവം ഓർമ്മയിൽ സൂക്ഷിച്ചു കൊള്ളണം. പിന്നീട് ഈ പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷകൾ അർപ്പിച്ചത് കോട്ടയം വലിയപള്ളിയുടെ ഇന്നു കാണുന്ന ചമയപ്പുരയിലാണ്.

ദിവ്യ ശ്രീ. ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ 1867 മെയ് 10 നും മകൻ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പാ 1875 മെയ് 26 നും ഇഹലോകവാസം വെടിഞ്ഞു. തങ്ങളുടെ ജീവിതകാലത്ത് കോട്ടയം വലിയപള്ളിയുടെ മദ്ബഹായിൽ പുനഃപ്രവേശിപ്പാൻ അവർക്കു സാധിച്ചില്ല എന്നത് വളരെ ദുഃഖത്തോടെ ക്നാനായ മക്കൾ ഓർക്കണം.

നമ്മുടെ വന്ദ്യപിതാവ് ഗീവറുഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അന്ന് ഇടവഴിക്കൽ കുര്യൻ ശെമ്മാശ്ശനായിരുന്നു. അദ്ദേഹം കോട്ടയം വലിയപള്ളിയുടെ ചമയപ്പുരയിൽ ജനിച്ചുവളർന്ന വൈദിക ശ്രേഷ്ഠനാണ്. ദൈവാശ്രയത്തോടെ ശുശ്രൂഷ അനുഷ്ഠിച്ച വന്ദ്യപിതാവിനെ, സ്വർഗ്ഗത്തിലെ ദൈവം കോട്ടയം വലിയപള്ളിയുടെ വിശുദ്ധ മദ്ബഹായുടെ പടികൾ ചവിട്ടിക്കയറി നമുക്കു നഷ്ടപ്പെട്ടു എന്നു കരുതിയ ദൈവാലയത്തിലെ പരിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുവാൻ യോഗ്യത നൽകി. മാത്രമല്ല വിവിധ ഭദ്രാസനങ്ങളിലായി ചിതറിക്കിടന്ന ക്നാനായ സമൂഹത്തെ ഒരു കുടക്കീഴിലാക്കി അതിന്റെ സാരഥ്യം നമ്മുടെ പിതാവിനെ ഏല്പിച്ചത് സ്വർഗ്ഗത്തിലെ ദൈവമാണ്; അല്ലാതെ ഒരു ഭൗമിക ശക്തിയുമല്ല.

സ്മര്യപുരുഷനായ ഇടവഴിക്കൽ കുര്യൻ ശെമ്മാശ്ശൻ 1875 ഏപ്രിൽ 25-ാം തീയതി (ഉയർപ്പു ഞായർ) പുലിക്കോട്ടിൽ മാർ ദീവന്യാസ്സോസ്സ് V യൗസേപ്പ് മെത്രാപ്പോലീത്തായിൽ നിന്നും വൈദികപട്ടംസ്വീകരിച്ചു, ചമയപ്പുരയിൽ വൈദികശുശ്രൂഷ അർപ്പിച്ചുകൊണ്ടിരുന്നു. ജ്യേഷ്ഠസഹോദരനും മല്പാനുമായിരുന്ന പീലിപ്പോസ് കോർ എപ്പിസ്‌ക്കോപ്പാ, അനുജനായ കുര്യൻ ശെമ്മാശ്ശൻ കശ്ശീശ്ശയായി, കൃത്യം ഒരു മാസം കഴിഞ്ഞപ്പോൾ ദിവംഗതനായി. പിന്നീട് ദൈവം മാത്രമായിരുന്നു ഗീവറുഗീസച്ചന് മാർഗ്ഗദർശി.

ഇതിനുശേഷം പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് III മലങ്കരയിലെത്തി, പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിക്കുന്നു. പുലിക്കോട്ടിൻ മാർ ദീവന്യാസ്സോസ്സ് V യൗസേപ്പ് മെത്രാനെ മലങ്കര മെത്രാനായി കോടതി അംഗീകരിക്കുന്നു. കോടതി വിധികൾ നമുക്കനുകൂലമായി തീരുന്നു. ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിച്ച ഇടവഴിക്കൽ കുടുംബത്തിലെ നസ്രാണിസിംഹം ഇ.എം.ഫിലിപ്പിനേയും, ക്നാനായ മക്കൾ മറന്നുപോകരുത്.

മോർ അബ്ദേലാലോഹോ (അബ്ദുള്ള പാത്രിയർക്കീസെന്നും പറയും) പാത്രിയർക്കീസ് 1909-ൽ മലങ്കര സന്ദർശിച്ചു. അബ്ദേലാലോഹോ എന്നാൽ ദൈവദാസൻ എന്നർത്ഥം. അദ്ദേഹം ആലുവാ വലിയ തിരുമേനിയെ മെത്രാപ്പോലീത്തയായി വാഴിച്ചു. തുടർന്നു മലങ്കരയിലെ വിവിധ ഭദ്രാസനങ്ങളിലായി ചിതറിക്കിടന്ന ക്നാനായപ്പള്ളികളെ ഏകോപിപ്പിച്ചു ക്നാനായ ഭദ്രാസനം രൂപീകരിച്ചു. അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി ഇടവഴിക്കൽ ഗീവറുഗീസ് കശ്ശീശായെ മെത്രാപ്പോലീത്തയായി 1910 ആഗസ്റ്റ് 28-ന് വടകരപ്പള്ളിയിൽ വച്ചു വാഴിച്ചു ഭദ്രാസനത്തിന്റെ സാരഥ്യം വന്ദ്യപിതാവിനെ ഏല്പിച്ചു.

അഭി.തിരുമേനി ക്നാനായ ഭദ്രാസനമെന്ന ചോരക്കുടംപോലെയുള്ള കൊച്ചുകുഞ്ഞിനെ പാളയ്ക്കകത്തു സ്വീകരിച്ചു. ഒരമ്മയെപ്പോലെ വചനമെന്ന മായമില്ലാത്ത പാലു കൊടുത്തു വളർത്തി. പതിനേഴുവർഷക്കാലം അവൾക്കു വേണ്ടുന്നതെല്ലാം കൊടുത്തു പരിചരിച്ചു. അവളെ യൗവ്വന യുക്തയാക്കി അടുത്ത തലമുറയെഏല്പിച്ചു.

പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവാ മോർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായ്ക്കു നല്കിയ സുസ്താത്തിക്കോൻ (അധികാരപത്രം) നിലെ പരാമർശങ്ങൾ ക്നാനായ മക്കൾ മനസ്സുതുറന്ന് കേട്ടനുസരിക്കേണ്ടതാണ്.

പരി. ബാവാ എഴുതുകയാണ്: അദ്ദേഹം മലങ്കരയിലായിരുന്നപ്പോൾ തന്റെ ബുദ്ധികൊണ്ടു പരിശോധിച്ചതിൽ നമ്മുടെ പള്ളികൾക്ക് ഒരിടയൻ അഥവാ മെത്രാപ്പോലീത്ത എത്രയും ആവശ്യമാണെന്നു കണ്ടു. ജ്ഞാനിയും, വിശുദ്ധിയും ദൈവാത്മാവുള്ളവനും, സത്യവിശ്വാസത്തിൽ പ്രസംഗിക്കുകയും ഉപദേശിക്കയും ചെയ്യുന്നവനുമായ ഇടവഴിക്കൽ ഗീവറുഗീസ് റമ്പാനിലാണ് ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായെ, പരി. ശ്ലൈഹിക സിംഹാസനം ദർശിച്ചത്.

പരി ബാവാ തുടരുകയാണ്:- "അയാളിൽ ദൈവത്തിന്റെ ആത്മാവുണ്ട്. ആത്മീയ കാര്യങ്ങളിൽ ഉപദേഷ്ടാവും വിവേകിയുമാണെന്നു നാം ഗ്രഹിച്ചു. സകലത്തെയും ദൈവികമാക്കിത്തീർക്കുന്ന ദിവ്യത്വംമൂലം, ദൈവകൃപ ലഭിച്ചവരിൽ വച്ച് ദിവ്യദാനത്തിന് അർഹതയുള്ളവനായ ഇദ്ദേഹം തീർച്ചയായും ദൈവശക്തിയാലത്രേ സ്ഥാനവും പദവിയും പ്രാപിക്കുന്നത്. നാം ഇദ്ദേഹത്തെ തിരഞ്ഞെടുത്തു".

തുടർന്നു ശ്ലൈഹിക സിംഹാസനം വെളിപ്പെടുത്തുന്നു: തന്റെ ആത്മീയ പുത്രൻ സേവേറിയോസ് മെത്രാപ്പോലീത്ത ദൈവത്തിന്റെ ആത്മാവുള്ളവനാണ്. ആത്മീയകാര്യങ്ങളിൽ പരിജ്ഞാനമുള്ള ഗുരു ശ്രേഷ്ഠനാണ്. ആയതുകൊണ്ടാണ് നിലവിലുള്ള രാമമംഗലം മുതൽ തെക്കോട്ടുള്ള 13 പള്ളികളും ഭാവിയിൽ ക്നാനായ സമുദായത്തിൽ നിർമ്മിക്കുവാനിരിക്കുന്ന പള്ളികളും, അവയിലെ സത്യസന്ധരായ പട്ടക്കാരെയും, ശെമ്മാശൻമാരെയും പ്രമാണിമാരെയും കൈക്കാരൻമാരെയും അനുഗ്രഹീതരായ അദ്ദേഹത്തിന്റെ സർവ്വജനവുമാകുന്ന ആത്മീയ മക്കളെയും, നമ്മുടെ മെത്രാപ്പോലീത്ത മാർ സേവേറിയോസിനെ ഏല്പിച്ചത്.

മോർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായുടെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും നാം പല പാഠങ്ങളും ഉൾക്കൊള്ളണം.

1. വെളിയനാട്ടു സ്തേഫാനോസ്പള്ളി വികാരിയായിരുന്ന രാമമംഗലംകാരൻ പുലയിങ്കോട്ടിൽ യോഹന്നാൻ കത്തനാർ ക്നാനായ ഭദ്രാസനത്തിലെ മിക്ക വൈദികരെയുംകൂട്ടി, തിരുമേനിയെ സമീപിച്ചു. നമുക്കു സ്കൂളുകളോ കോളേജുകളോ മറ്റു വരുമാന മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാൽ റോമാ സഭയിൽ ചേരാമെന്നു പറഞ്ഞപ്പോൾ നിർഭയനായി അതിനെ നേരിട്ടത് താൻ ചെയ്ത സത്യപ്രതിജ്ഞയിൽ വിശ്വസ്തനായിരുന്നതിനാലത്രേ! സേവേറിയോസ് എന്ന വാക്കിനർത്ഥം ഉറപ്പുള്ളവൻ എന്നത്രേ! താൻ പരിശുദ്ധ റൂഹായാൽ പ്രാപിച്ച സംജ്ഞക്കനുസരിച്ച് ഉറപ്പുള്ളവനായി നിലകൊണ്ടു.

2. മെത്രാൻ സ്ഥാനം അധികാരമല്ല വിനയാന്വിതമായ താപസ ജീവിതമാണെന്ന് തന്റെ ജീവിതം കൊണ്ടദ്ദേഹം സമർത്ഥിച്ചു.

3. കോട്ടയം വലിയപള്ളിയിൽവച്ചു 1909 ൽ കൂടിയ യുവജനസമാജത്തിൽ തിരുമേനി ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:- "ജ്ഞാനം സമ്പാദിച്ചതുകൊണ്ടോ, യുക്തി പറഞ്ഞതു കൊണ്ടോ, ഭക്തിവേഷം കെട്ടിയതു കൊണ്ടോ ആത്മാവിന് ഒരു വിശേഷവും ഉണ്ടാകില്ല. മറിച്ചു ജീവിതം ശരിയാക്കണം. ദൈവഭക്തിയിൽ ജീവിക്കണം. ഇടവിടാതെ പ്രാർത്ഥിക്കണം. താഴ്മയുള്ളവരായിരിക്കണം. സ്വന്തസഭയെക്കുറിച്ചും, സമുദായത്തെക്കുറിച്ചും എരിവുള്ളവരായിരിക്കണം. ചുരുക്കത്തിൽ നമ്മുടെ ഹൃദയം നിർമ്മലമായിരിക്കണം.

4. ഇടവഴിക്കൽ തിരുമേനിയും ജ്യേഷ്ഠനും പിതാവും കയ്യെഴുത്തു പ്രതികൾ സൂക്ഷിക്കുന്നവരായിരുന്നു. അവയിൽ നിന്നാണ്, മോറാൻ മോർ യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവായും മറ്റു മറ്റു മെത്രാന്മാരും ചരിത്രഗ്രന്ഥങ്ങൾ രചിച്ചത്.

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഇടവഴിക്കൽ ഗീവറുഗീസ് മോർ സേവേറിയോസ് തിരുമേനി കാണിച്ചു തന്ന അതേ വഴികളിൽ നമുക്കും യാത്ര ചെയ്യാം. ●

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ


**മാർ അപ്രേം സെമിനാരി, ചിങ്ങവനം**

## നോട്ടീസ്

മാന്യരെ,

23-04-2024 ൽ കൂടിയ മലങ്കര സുറിയാനി ക്നാനായ കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള നിശ്ചയപ്രകാരം ഭരണഘടനാ ഭേദഗതിയുടെ വിശേഷാൽ യോഗത്തിനുശേഷം 2024 മെയ്മാസം 21-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് അസ്സോസിയേഷന്റെ ഒരു സാധാരണയോഗം ചിങ്ങവനം മാർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അസ്സോസിയേഷൻ അംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്ന്



**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
അസ്സോ. സെക്രട്ടറി

## അജണ്ട

1. പ്രാർത്ഥന
2. നോട്ടീസ് വായന
3. ചോദ്യോത്തരങ്ങൾ, പ്രമേയങ്ങൾ
4. 125 ബി (2) പ്രകാരം സമകാലിക വിഷയങ്ങൾ
5. ആണ്ടുവരി കുടിശിഖ സംബന്ധിച്ച്
6. മറ്റ് അത്യാവശ്യ വിഷയങ്ങൾ

**കുറിപ്പ്**

1. ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം മാത്രമേ അസ്സോസിയേഷൻ ഹാളിൽ പ്രവേശിക്കുവാൻ പാടുള്ളൂ.
2. ഭരണ സംബന്ധമായ ഏതെങ്കിലും സംഗതിയെപ്പറ്റി വിവരം അറിയേണ്ടവർ നിയമാനുസൃതം ചോദ്യങ്ങൾ അയയ്ക്കേണ്ടതാണ്. ചോദ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2024 മെയ് 11, 5.00 പി.എം. വരെയാണ്
3. എല്ലാ എഴുത്തു കുത്തുകളും അസ്സോ. സെക്രട്ടറി, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, 686531 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.


## വസ്തു വില്പനയ്ക്ക്

റാന്നി M.S.H.S. ന് സമീപം **40 സെന്റ് വസ്തുവും പഴയവീടും.**
വാഹനം വസ്തുവിൽ വരും.
പ്ലാവ്, മഹാഗണി മുതലായ മരങ്ങൾ
വറ്റാത്ത കിണർ ജലം.
Mob: 9446565791
9605213653


## അറിയിപ്പ്

ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നവർ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി പേരു രജിസ്റ്റർ ചെയ്യണമെന്ന് അറിയിക്കുന്നു.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| ഫാ. രാജൻ ഏബ്രഹാം കുളമടയിൽ | ഫാ. ജിജി പുന്നൂസ് പുത്തൻ പുരയ്ക്കൽ |
| 9446913633 | 9447119918 |
| 9074210501 | |

# ഏവൻഗേലിയോൻ ദീപം



ഫാ. നോബിൻ തോമസ്, ഇളകൂറ്റൂർ

### പെന്തിക്കോസ്തി പെരുന്നാൾ
### (വി. യോഹ. 15:20 – 6:15) 19 – 05 – 2024

ആരാധനാവത്സരത്തിലെ ഏറ്റവും വലിയ കാലഘട്ടത്തിലേക്ക് പെന്തിക്കോസ്തി പെരുന്നാളോടുകൂടി നാം പ്രവേശിക്കുകയാണ്. ഗ്രീക്കു ഭാഷയിൽ അൻപതാമത്തെ എന്നർത്ഥമുള്ള pentecostos എന്ന വാക്കിൽ നിന്നാണ് ഈ പദമുണ്ടായത്. പഴയ നിയമത്തിൽ കൊയ്ത്തുകാല ഉത്സവമായിട്ടാണ് ഈ തിരുനാളിന്റെ ആരംഭം (പുറ. 23:1–16, 34:1–22). കൊയ്ത്തിനായി ആദ്യം അരിവാളെടുത്തിട്ട് 7 ആഴ്ചകൾക്കുശേഷമാണ് ഈ തിരുനാൾ തുടങ്ങേണ്ടിയിരുന്നത് (ആവർത്ത. 16:1–19). ആദ്യത്തെ കറ്റ ദേവാലയത്തിൽ കൊണ്ടുവന്നതിനെ പുരോഹിതൻ ശാബതിന്റെ പിറ്റെന്നാൾ ദൈവത്തിനു കാഴ്ചവച്ചതുതൊട്ട് ഏഴു ശാബതു വരത്തക്കവണ്ണം ഏഴാഴ്ചകളെണ്ണി, പിറ്റേ ദിവസം അതായത് അൻപതാമത്തെ ദിവസമാണ് ഈ ഉത്സവം നടന്നിരുന്നത് (ലേവ്യ 23:1–16). ഇതിൽനിന്നാണ് പെന്തക്കുസ്താ എന്ന പേരു തന്നെയുണ്ടാത്.

പുതിയ നിയമത്തിൽ പരിശുദ്ധാത്മാവ് തിനാവുകളുടെ ആകൃതിയിൽ ശ്ലീഹന്മാരുടെമേൽ ആവസിച്ചത് പെന്തക്കുസ്താ ദിവസമായിരുന്നു. (അപ്പോ.2:1). സഭയുടെ ജനനവും അന്നുതന്നെയായിരുന്നു. ഉന്നതത്തിൽനിന്നും ശക്തി ധരിക്കുന്നതുവരെ നഗരത്തിൽതന്നെ വസിക്കുവിൻ എന്നുള്ള വചനമനുസരിച്ച് ശിഷ്യന്മാർ പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരുന്നു. ഈ വചനം അന്വർത്ഥമാക്കികൊണ്ട് സ്വർഗ്ഗാരോഹണത്തിനുശേഷം പത്തു ദിവസം ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ സാദൃശ്യത്തിൽ ആവസിച്ചു. യേശുവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു.

**ആത്മാവിനാൽ ജ്വലിക്കുവാൻ സാധിക്കണം**

ഗബ്രിയേൽ മാലാഖയുടെ അഭിവാദ്യത്തിൽ ആത്മാവിനെ സ്വീകരിച്ച പരിശുദ്ധ കന്യകമാതാവിന് ദൈവമാതാവാകാനുള്ള കൃപ ലഭിച്ചു. അഗ്നിനാവായി ശിഷ്യരുടെമേൽ ഇറങ്ങിവന്ന ആത്മാവ് അവരെ കർത്താവിന്റെ കത്തിജ്വലിക്കുന്ന അനുയായികളാക്കി മാറ്റി. ദൈവഭയമൊഴികെ മറ്റൊരു ഭയവും ആത്മാവിനെ സ്വീകരിച്ച അവരെ വേട്ടയാടുന്നില്ല. മൂന്നു തവണ ഒരു പരിചാരികയ്ക്ക് മുമ്പിൽ തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് തന്നെയാണ് മൂവായിരത്തിലധികം വരുന്ന യഹൂദഗണത്തിനു മുമ്പിൽ നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ക്രിസ്തുവിനെയാണ് ഞാൻ പ്രഘോഷിക്കുന്നത് എന്ന് ഏറ്റു പറഞ്ഞത്. ഈ ആത്മാവിനെ തന്നെയാണ് നമ്മൾ മാമ്മോദീസായിലൂടെ സ്വീകരിക്കുന്നത്. കഷ്ടപ്പാടുകളുടേയും വേദനകളുടെയും നടുവിൽ തളരാതെ പൊരുതണമെങ്കിൽ മാമ്മോദീസായിലൂടെ നാം സ്വീകരിച്ച ആത്മാവിനെ അനുദിന ജീവിതത്തിൽ ജ്വലിപ്പിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ശിഷ്യരുടെ ജീവിതത്തിലെ മുൻഗണനകൾക്ക് മാറ്റങ്ങൾ സംഭവിക്കുകയാണ്. അതുപോലെ ആത്മാവിൽ ജ്വലിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടാകും.

**സഹായകനായ പരിശുദ്ധാത്മാവിന്റെ കൂടെ വസിക്കണം**

നമ്മുടെ ജീവിതവും ഒരു യാത്രയാണ്. സന്തോഷങ്ങളും സഹായങ്ങളുമൊക്കെ കൂടിച്ചേർന്ന അല്പം നീണ്ടയൊരു യാത്ര. ഈ യാത്രയിൽ നമ്മുടെ കരുതലിനായി ഒരുവൻ കൂടെയുണ്ട്. യേശു നമുക്ക് നൽകിയ ഒരു സഹായകൻ, ഒരു സ്നേഹിതൻ, അതാണ് പരിശുദ്ധാത്മാവ്. ഗുരുവിന്റെ വിടവാങ്ങലിലൂടെ തങ്ങൾക്കു മുമ്പിൽ ഇരുട്ടുമാത്രം എന്നു കരുതിയ ശിഷ്യരോടു യേശു പറയുന്നുണ്ട്. ഞാൻ ഇതെല്ലാം നിങ്ങളോട് പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. എങ്കിലും സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോയാൽ സഹായകനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും (യോഹ. 16:6–7). ഈ സഹായകനായ പരിശുദ്ധാത്മാവ് ഇന്നു നമ്മോടു കൂടെയുണ്ട്. നമ്മുടെ ഇടവകയിൽ, നമ്മുടെ കുടുംബങ്ങളിൽ, നമ്മുടെ ജോലിസ്ഥലത്ത്. നമ്മിലോരോരുത്തരിലും വസിക്കുന്ന ഈ സഹായകനെ വിളിച്ചപേക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നിത്യജീവിതത്തിൽ നിരന്തരം മറ്റുള്ളവരുടെ സഹായം തേടുന്നവരാണ് നമ്മൾ. നിത്യജീവിതത്തിൽ ഓരോ നിമിഷവും ഓരോ കാര്യത്തിന് മറ്റുള്ളവരുടെ സഹായം തേടുന്ന നാം എന്തുകൊണ്ട് യേശുക്രിസ്തു നമുക്ക് നല്കിയ പരിശുദ്ധാത്മാവിന്റെ സഹായം വിശ്വാസജീവിതത്തിൽ അടിയുറച്ചു വളരാൻ ചോദിച്ചു കൂടാത്തത്. ഈ ആത്മാവിന്റെ സാന്നിധ്യം അനുഭവിച്ചറിയണമെങ്കിൽ ആദ്യം വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രധാന ദൗത്യങ്ങളിൽ പ്രധാനമായി യേശു പറയുന്നത് പാപത്തെക്കുറിച്ചുള്ള ബോധ്യം ആണ്. നമ്മുടെ പാപങ്ങളെ തിരിച്ചറിയാനും അവയെ ഉപേക്ഷിക്കാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. മറ്റൊന്നു ദൈവിക നീതിയെക്കുറിച്ച് ആത്മാവ് ലോകത്തെ ബോധ്യപ്പെടുത്തും. മനുഷ്യന്റെ നീതി അപൂർണ്ണമാണ്.

പെന്തിക്കോസ്തി നമ്മിലെ പരിശുദ്ധാത്മാവിനെ ജ്വലിപ്പിക്കുന്നതിനും അതുവഴി ക്രിസ്തീയ ജീവിതം പുഷ്ടിപ്പെടുത്തുവാനും നമ്മെ ഉത്തേജിപ്പിക്കുന്നു.

### പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ
### യോഹ. 6:26 – 35 (26 – 05 – 2024)

പരിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള സുവിശേഷ ദർശനങ്ങൾ ഏറ്റവും മനോഹരമായി അവതരിപ്പിക്കുന്നത് യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായത്തിലാണ്. വി. കുർബ്ബാ

നയെ പ്രബോധനങ്ങളുടെ ആരംഭ അടയാളമായി യേശു ഗലീലീ കടലിനു മറുകരെ വെച്ച് അപ്പം വർദ്ധിപ്പിച്ചു നൽകി. അതിനുശേഷം അവിടുന്നു കഫർണഹൂമിയിലേക്ക്പോയി. യേശുവിനെ അന്വേഷിച്ച് അവിടെ എത്തിയ ജനങ്ങളെ ജീവന്റെ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനുള്ള മുന്നൊരുക്കമാണ് പശ്ചാത്തലം. അടയാളങ്ങളുടെ സുവിശേഷം എന്നാണ് യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നത്. "സെമെയിയ" എന്ന ഗ്രീക്കു പദത്തെ ദൈവത്തിന്റെ വിരലടയാളമെന്നാണ് പണ്ഡിതർ വിശേഷിപ്പിക്കുന്നത്. ഓരോ അടയാളവും ആത്മീയ ലക്ഷ്യം മുൻനിർത്തിയിട്ടുള്ളതാണ്.

യേശുവിനെ കടലിന്റെ മറുകരയെ കണ്ടെത്തിയപ്പോൾ എന്നാരംഭിക്കുന്ന ഈ വചനഭാഗം പ്രതിനിധാനം ചെയ്യുന്നത് അവിടുത്തെ അന്വേഷിച്ചിറങ്ങിയ ജനങ്ങളെയാണ്. ഭൗതിക സുഖസൗകര്യങ്ങളിൽ ദൃഷ്ടിയൂന്നി എന്തോ തേടി അലയുന്ന ജനങ്ങളെ നോക്കി നേടേണ്ടതിനെ നേടാൻ യേശു പഠിപ്പിക്കുന്നു. നിത്യജീവൻ പ്രദാനം ചെയ്യുന്നതിനായി അപ്പമായി മാറുന്ന യേശുവിനെയാണ് തേടിയിറങ്ങേണ്ടതെന്നും അവനിൽ വിശ്വസിച്ചുകൊണ്ട് നിത്യജീവനിൽ പങ്കുകാരാകണമെന്നുമാണ് പാഠം.

യേശു അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അനേകരെ തൃപ്തരാക്കിക്കഴിഞ്ഞപ്പോൾ അനേകർ അവന്റെ പിറകെ കൂടി. അവർ അവനെ രാജാവാക്കാൻ ആഗ്രഹിച്ചു. എന്നാൽ അവൻ അവിടെനിന്ന് പിന്മാറുന്നു. എന്നാൽ ജനക്കൂട്ടം അവന്റെ പിന്നാലെ എത്തുന്നു. എന്നാൽ ഈ ആൾക്കൂട്ടത്തെ കണ്ട് യേശു ഭ്രമിച്ചുപോകുന്നില്ല. കാരണം അവന് ജനക്കൂട്ടങ്ങളിൽ വിശ്വാസമുണ്ടായിരുന്നില്ല. അതുകൊണ്ട് യേശു പറയുന്നു. അടയാളങ്ങൾ കണ്ടതുകൊണ്ടല്ല അപ്പം ഭക്ഷിച്ച് തൃപ്തരായതുകൊണ്ട് മാത്രമാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. അന്നും ഇന്നും ആത്മീയതയെ ഉപരിവിപ്ലവും കാപട്യവുമുള്ളതാക്കുന്നത് അനുകൂല്യങ്ങളും, അത്ഭുതങ്ങളുമാണ്. യേശു തന്റെ പരസ്യജീവിതകാലത്ത് ഇവ രണ്ടിന്റെയും സമ്മർദ്ദം നന്നായി അനുഭവിച്ചിട്ടുണ്ട്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മരുഭൂമിയിലെ നാൽപത് ദിവസങ്ങളിലെ നോമ്പും, ഉപവാസവും കഴിഞ്ഞപ്പോഴുണ്ടായ പ്രലോഭനങ്ങൾ ഇതാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ പ്രലോഭനം കുരിശിലെ സഹനത്തിൽ തീക്ഷ്ണതയേറിക്കൊണ്ട് അവസാനമണിക്കൂറിലും ഉണ്ടായിരുന്നു. അനുകൂല്യങ്ങളും, അത്ഭുതങ്ങളും നല്കുന്ന പ്രലോഭനങ്ങൾ ജനസമൂഹത്തെയും മതനേതാക്കളെയും ഇന്നും ഒരുപോലെ പ്രലോഭിപ്പിക്കുന്നുണ്ട്.

പലപ്പോഴും ദൈവത്തിൽനിന്നോ മനുഷ്യരിൽനിന്നോ, മതസംവിധാനങ്ങളിൽനിന്നോ അനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്ന സമീപനമായി ആത്മീയ സമീപനങ്ങൾ തരംതാണുപോകുന്നുണ്ട്. പ്രാർത്ഥനയുടെ പരമമായ ലക്ഷ്യം ദൈവത്തിൽനിന്ന് ആനുകൂല്യങ്ങളായി ഭൗതീക നേട്ടങ്ങൾ നേടുക എന്നുള്ളതല്ല. നമ്മുടെ ജീവിതത്തെ ദൈവവുമായി ബന്ധപ്പെടുത്തി നിർത്തുകയെന്നതാണ്. ദൈവത്തിലേക്ക് ഒരുവൻ അടുക്കുമ്പോൾ ജീവിതത്തിലെ അനുഭവങ്ങളെ വിശ്വാസത്തിന്റെ കണ്ണുകളിൽക്കൂടി കാണാനും സഹനങ്ങൾക്ക് മറ്റൊരു മാനം സ്വാഭാവികമായി കൈവരുന്നത് കാണാനും ഇടയാകും. ആത്മീയതയുടെ ആധികാരികതയെ എന്നും യേശു അടയാളപ്പെടുത്താൻ ആഗ്രഹിച്ചിട്ടുള്ളത് സ്നേഹം കൊണ്ടാണ്. ആ സ്നേഹത്തിൽ ആഴപ്പെടുവാൻ നമ്മുക്ക് സാധിക്കണം. ദൈവവുമായുള്ള ബന്ധത്തിൽ ദൈവകല്പനകളെ പാലിക്കുന്നവരായി നമ്മുക്ക് മാറാം.

**പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായർ**
**(മത്താ. 10:34 – 11:1) 02-06-2024**

ഈ തിരുവചനങ്ങൾ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ രണ്ടാം പ്രഭാഷണത്തിൽ ഉൾപ്പെടുന്നവയാണ്. പഴയ നിയമ പ്രതീക്ഷകളെ പൂർത്തീകരിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണത്തിലൂടെയും, രോഗസൗഖ്യങ്ങൾ നൽകുന്നതിലൂടെയും, പ്രകൃതിശക്തികളെ നിയന്ത്രിക്കുന്നതിലൂടെയും താൻ മിശിഹായാണെന്ന് വ്യക്തമാക്കിയതിനു ശേഷം, യേശു തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തു നിയോഗിക്കുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. സുവിശേഷ വേലക്കിടയിൽ അപ്പസ്തോലന്മാർ നേരിടേണ്ടി വരുന്ന പീഡനങ്ങളും പ്രതിസന്ധികളും അവയ്ക്കുള്ള പ്രതിഫലവുമാണ് വചനത്തിന്റെ ഉള്ളടക്കം.

ഏതൊരു വ്യക്തിയെ സംബന്ധിച്ചും പ്രധാനപ്പെട്ട വിഷയങ്ങളായ ശരീരം, ആത്മാവ്, ജീവൻ, മരണം, നരകം, സ്നേഹം, കുടുംബം, സമാധാനം, ഭിന്നത, അനുഗമിക്കൽ, പ്രതിഫലം തുടങ്ങിയവയെല്ലാം ഇന്നത്തെ സുവിശേഷത്തിൽ പരാമർശിക്കപ്പെടുന്നു. ഒരു ക്രിസ്തു ശിഷ്യനെ സംബന്ധിച്ച് ഇവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ നിർണ്ണയിക്കപ്പെടുന്നത് ക്രിസ്തുവുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ്. ക്രിസ്തുവുമായി ശരിയായ ബന്ധത്തിലേക്ക് പ്രവേശിക്കുന്ന ശിഷ്യർ മനുഷ്യരുടെ മുമ്പിൽ അവിടുത്തെ ഏറ്റുപറയും. അവർ മരണത്തെപോലും ഭയപ്പെടുകയില്ല. രക്തബന്ധത്തെക്കാൾ ക്രിസ്തുവിനോടുള്ള ബന്ധത്തിന് അവർ പ്രാധാന്യം കൽപ്പിക്കും. യേശുവിനോടുള്ള സ്നേഹം മാത്രമാണ് അവരെ ക്രിസ്തു ശിഷ്യരാക്കി മാറ്റുന്നത്. അത്തരം ശിഷ്യരെ ക്രിസ്തു പിതാവായ ദൈവത്തിന്റെ മുമ്പിൽ ഏറ്റുപറയും. സ്വർഗ്ഗത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യമാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം. ക്രിസ്തുവിനെ മനുഷ്യരുടെ മുമ്പിൽ ഏറ്റുപറയുന്ന ക്രിസ്തു ശിഷ്യർക്ക് സ്വന്തമാകുന്ന അനുഗ്രഹമാണത്. അത്തരം ശിഷ്യർക്ക് അതുപോലെയുള്ളവർക്കും ഒരു പാത്രം വെള്ളം കൊടുത്താൽപോലും അവർക്ക് സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുന്നതിന് കാരണമാകും.

മാമ്മോദീസ സ്വീകരിച്ച എല്ലാവരും യേശുവിനെ പ്രഘോഷിക്കാൻ കടപ്പെട്ടിരിക്കുന്നു. ക്രിസ്തു ശിഷ്യരെ സ്വീകരിക്കുന്നത് ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു തുല്യമാണ്. അതായത് ക്രിസ്തു അവരിലുണ്ട്, അല്ലെങ്കിൽ അവർ ക്രിസ്തുവിന്റെ സാന്നി ധ്യത്തെ പ്രസരിപ്പിക്കുന്നു. ക്രിസ്തു നമ്മിലൂടെ വെളിപ്പെടുന്നത് തന്നെയാണ് യഥാർത്ഥ സുവിശേഷ പ്രഘോഷണം. അത് വാക്കുകളിലൂടെ മാത്രമല്ല. പ്രവർത്തനങ്ങളിലൂടെയും ജീവിതങ്ങളിലൂടെയും വെളിപ്പെട്ട സ്നേഹത്തിനു വിരുദ്ധമായവ ജീവിതത്തിൽ നിന്നുപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങൾ സന്മനസ്സോടെ സ്വീകരിക്കുന്നവർക്ക് മാത്രമെ അത് സാധ്യമാവുകയുള്ളു. ക്രിസ്തു അവനെ അനുഗമിക്കുന്നവരിൽനിന്ന് ഇതുതന്നെയാണ് ആവശ്യപ്പെടുന്നതും.

**പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ**
**(യോഹ. 6:35 – 46) 09 – 06 – 2024**

ജീവന്റെ അപ്പത്തെക്കുറിച്ച് യേശു നല്കുന്ന ആഴമായ ദൈവശാസ്ത്ര അർത്ഥമുള്ള ദീർഘമായ പ്രഭാഷണമാണ് യോഹന്നാൻ സുവിശേഷകൻ 6–ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. ജീവന്റെ അപ്പമായ പരിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള പ്രഭാഷണമാണ് ഇത്. ഞാൻ ആകുന്നു ജീവന്റെ അപ്പം, എന്റെയടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല എന്നു പറഞ്ഞതുകൊണ്ടാണ് യേശു ആരംഭിക്കുന്നത്. താൻ ജീവന്റെ അപ്പമാണ് എന്ന് യേശു പറയുന്നതിനർത്ഥം, അവിടുന്നു നിത്യം ജീവിക്കുന്നവനും ജീവൻ നല്കാൻ കഴിവുള്ളവനുമാണ് എന്നാണ്. യേശുവിന്റെ അടുക്കൽ വരിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവിടുന്നിൽ വിശ്വസിക്കുക എന്നാണ്. ജീവന്റെ അപ്പമായ യേശുവിൽ വിശ്വസിക്കുന്നവർക്ക് ഒരിക്കലും വിശക്കുകയോ ദാഹിക്കുകയോ ഇല്ല.

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നതും മനുഷ്യാവതാരത്തിൽക്കൂടി ജീവനുള്ളതും ജീവൻ നൽകുന്നതുമായ അപ്പം യേശു ക്രിസ്തുവാണ്. ആ യേശുവിനെ നാം പ്രാപിക്കുന്നതും നിത്യജീവന് അവകാശികളാക്കുന്നതും വിശ്വാസപൂർവ്വം അവിടുത്തെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു പാനം ചെയ്യുന്നതിൽ കൂടിയാണ്. വി. കുർബ്ബാനയുടെ അനുഭവത്തിൽകൂടി നമുക്ക് ലഭ്യമാകുന്ന 3 ദിവ്യഫലങ്ങളെക്കുറിച്ചും 6–ാം അദ്ധ്യായത്തിൽ യോഹന്നാൻശ്ലീഹാ വ്യക്തമാക്കുന്നു.

**1) നിത്യജീവൻ**: അവൻ എന്നേക്കും ജീവിക്കും. ഭക്ഷിക്കാതെ ജീവനില്ല ഭക്ഷിക്കുന്നവനു നിത്യജീവനുണ്ട്, ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. നിത്യജീവൻ എന്നത് അറുതിയില്ലാത്ത ജീവൻ എന്നല്ല അർത്ഥമാക്കേണ്ടത്. അത് ദൈവത്തിന്റെ ജീവനിൽ തന്നെയുള്ള പങ്കാളിത്തമാണ്. അനശ്വരമായ അപ്പത്തിനുവേണ്ടി യേശുവിന്റെ അടുത്തു ചെല്ലുന്നവരോട് നിത്യജീവന്റെ അനശ്വരമായ അപ്പത്തെക്കുറിച്ച് അവൻ പഠിപ്പിക്കുന്നു. നശ്വരമായ അപ്പത്തെ അന്വേഷിക്കുന്നവർ നിത്യജീവന്റെ ഉറവയായ ക്രിസ്തുവിനെ തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു.

**2). കർത്താവിനോടുള്ള ഐക്യം:** എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. കർത്താവിനോടുള്ള ഐക്യം സുദൃഢമാക്കുന്നത് അവിടുത്തെ തിരുശരീരരക്തങ്ങളിലുള്ള പങ്കാളിത്തത്തിൽക്കൂടിയാണ്. മുന്തിരിവള്ളിയുടെ ദൃഷ്ടാന്തം ഇവിടെ പ്രസക്തവും ശ്രദ്ധേയവുമാണ്. മുന്തിരിവള്ളി എങ്ങനെ തായ്ത്തടിയിൽ വസിച്ച് ഫലം കായ്ക്കുന്നുവോ അതുപോലെയാണ് കർത്താവും വിശ്വാസികളും തമ്മിലുള്ള ഐക്യം. വി. കുർബ്ബാന സ്ഥാപിച്ചതിനുശേഷമാണ്. മാളിക മുറിയിൽവച്ച് കർത്താവ് മുന്തിരി വള്ളിയുടെ ദൃഷ്ടാന്തം പ്രസ്താവിക്കുന്നത് എന്നുള്ളത് പ്രത്യേകം ഓർക്കേണ്ടതാണ്.

**3). പുനരുത്ഥാനം:** ഒടുക്കത്തെ നാളിൽ ഞാൻ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. വി. കുർബ്ബാനാനുഭവും അന്ത്യകാലത്തെ പുനരുത്ഥാന പ്രത്യാശ ഉറപ്പാക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയിൽ ഇക്കാര്യം നാം അനുസ്മരിക്കുന്നുണ്ട്.

വി. കുർബ്ബാനയെന്ന ഈ ആത്മീയ ഭക്ഷണത്തിനായി വിശക്കുന്നവരാകണം യഥാർത്ഥ ക്രിസ്തു ശിഷ്യർ. കാരണം മനുഷ്യവതാരംവഴി വചനം മാംസമായ യേശുവിന്റെ ജീവനിൽ പങ്കുവറ്റുന്നതാണ് നിത്യജീവൻ. ക്രിസ്തുവിന്റെ മനുഷ്യാവതാരവും ഉയിർപ്പും ഏറ്റം മനോഹരമായി സംയോജിച്ചിരിക്കുന്നത് വിശുദ്ധ കുർബ്ബാനയിലാണ്. കൂദാശകളുടെ രാജ്ഞിയായ വിശുദ്ധ കുർബ്ബാനയാണ് ഓരോ വിശ്വാസിയുടെയും സഭാജീവിതത്തിന്റെയും ജീവനും കൃപയുടെ സ്രോതസ്സും. അതുകൊണ്ടാണ് യേശു നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാൻ പറയുന്നു.

---

06-05-2024

# ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നംങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖരത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2024-25 വർഷം നെൽകൃഷി ചെയ്ത് ആദായം എടുക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള ക്വട്ടേഷൻ 27-05-2024 തിങ്കളാഴ്ച രാവിലെ 11 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ ക്വട്ടേഷനോടുകൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി. യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതുമാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമുദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

**Ph: 0481-2430327, 2432544**

**റ്റി. സി തോമസ് തോപ്പിൽ**
**സമുദായ ട്രസ്റ്റി**

# ദാവീദും ഗൊല്യാത്തും

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

1 ശമുവേൽ 17:32 ദാവീദ് ശൗലിനോട് "ഇവൻ നിമിത്തം ആരും അധൈര്യപ്പെടേണ്ടാ; അടിയൻ ചെന്ന് ഈ ഫെലിസ്ത്യനോട് അങ്കം പൊരുതാം എന്നു പറഞ്ഞു".

സർവ്വശക്തനായ ദൈവത്തിൽ അടി ഉറച്ച് വിശ്വസിക്കുകയും അവനോട് ഉള്ള ഭക്തിയിൽ ജീവിക്കുകയും അവന്റെ നാമപ്രവർത്തനത്തിനായി പ്രവൃത്തിക്കുകയും ചെയ്യുന്ന വ്യക്തികൾക്ക് ചില സന്ദർഭങ്ങളിൽ തങ്ങൾ നേടിയതും തങ്ങൾക്ക് ഏറ്റവും പ്രിയമായതും സമ്പൂർണ്ണമായി നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. തന്റെ ഭക്തന്മാരുടെ നഷ്ടങ്ങൾ സമ്പൂർണ്ണമായി വീണ്ടെടുത്തു കൊടുക്കുന്നവൻ ആണ് ദൈവം. എന്നാൽ തങ്ങളുടെ തകർന്നതും തളർത്തുന്നതുമായ ഏത് അവസ്ഥയിലും ദൈവത്തെ മുറുകെ പിടിച്ച് ദൈവത്തോട് പറ്റി നിന്നാൽ അവർക്ക് നഷ്ടമായതൊക്കെയും ദൈവം വീണ്ടെടുത്ത് കൊടുക്കുമെന്ന് ദാവീദിന്റെ ചരിത്രം തെളിയിക്കുന്നു.

ദാവീദ് തന്റെ സങ്കീ. 6:1-4 ൽ ഇങ്ങനെ പ്രാർത്ഥിക്കുന്നു. യഹോവേ നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കരുതെ, നിന്റെ ക്രോധത്തിൽ എന്നെ ദണ്ഡിപ്പിക്കുകയും അരുതെ, യഹോവേ ഞാൻ തളർന്നിരിക്കുന്നു. എന്നോട് കരുണ തോന്നണമേ. യഹോവേ എന്റെ അസ്ഥികൾ ഭ്രമിച്ചിരിക്കുന്നു എന്നെ സൗഖ്യമാക്കണമെ. എന്റെ പ്രാണനും അത്യന്തം ഭ്രമിച്ചിരിക്കുന്നു. എന്നെ സൗഖ്യമാക്കണമെ. നീയോ യഹോവേ എത്രത്തോളം? യഹോവേ തിരിഞ്ഞു എന്നെ വിടുവിക്കേണമെ.

ഫെലിസ്ത്യർ യിസ്രായേലിനോട് യുദ്ധം ചെയ്യുന്നതിന് തയ്യാറായപ്പോൾ അവർ യെഹൂദ്യായിൽ ഉള്ള സോവാറിൽ ഒരുമിച്ചു കൂടി. സോവാറിനും അസേരയ്ക്കും മദ്ധ്യേ എഫോസ്-ദമിനിൽ പാളയം അടിച്ചു. എലാ താഴ്‌വരയിൽ പാളയം അടിച്ച് ഫെലിസ്ത്യർക്ക് എതിരായി യുദ്ധം ചെയ്യുന്നതിന് ശൗലും യിസ്രായേലും ഒന്നിച്ചു കൂടി. ഒരു മലഞ്ചെരുവിൽ അപ്പുറത്തും ഇപ്പുറത്തുമായി രണ്ടു കൂട്ടരും യുദ്ധം ചെയ്യുന്നതിന് നിലയുറപ്പിച്ചു. ഫെലിസ്ത്യരുടെ കൂട്ടത്തിൽ ഗോലിയാത്ത് എന്ന മല്ലൻ ഉണ്ടായിരുന്നു. അവന്റെ പൊക്കം 6 മുഴവും (ആറ് മുഴം) ഒരു ചാണും ആയിരുന്നു. അവന്റെ തലയിൽ ഒരു താമ്രശിരസ്ത്രം ഉണ്ടായിരുന്നു. അവന് താമ്രം കൊണ്ട് ഉള്ള കാൽച്ചട്ടയും ചുമലിൽ താമ്രം കൊണ്ട് ഉള്ള വേലും ഉണ്ടായിരുന്നു. 5000 ശെക്കേൽ തൂക്കം ഉള്ള ഒരു താമ്രകവചം ധരിച്ചിരുന്നു. 600 ശെക്കേൽ തൂക്കം ഉള്ള ഒരു ഇരുമ്പുകുന്തം അവന്റെ കൈയ്യിൽ ഉണ്ടായിരുന്നു. ഒരു പരിചാരകൻ അവനു മുമ്പേ നടന്നിരുന്നു.

ഗോലിയാത്ത് യിസ്രായേൽ മക്കളോട് വിളിച്ചു പറഞ്ഞത് എന്തെന്നാൽ നിങ്ങൾ യുദ്ധത്തിന് അണി നിരന്നിരിക്കുന്നത് എന്തിന്? ഞാൻ ഫെലിസ്ത്യനും നിങ്ങൾ ശൗലിന്റെ ഭൃത്യൻന്മാരും അല്ലയോ? നിങ്ങൾ ഒരുവനെ തിരഞ്ഞെടുത്തു കൊള്ളുവീൻ! അവൻ എന്റെ അടുക്കൽ വരട്ടെ. അവൻ എന്നോട് അങ്കം പൊരുതി എന്നെ കൊല്ലുവാൻ പ്രാപ്തനാകുന്നുവെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് അടിമകളാകാം. അടിമകളായി സേവനം ചെയ്തു കൊള്ളാം. ഞാൻ അവനെ ജയിക്കുകയും കൊല്ലുകയും ചെയ്താൽ നിങ്ങൾ ഞങ്ങൾക്ക് അടിമകളായി സേവനം ചെയ്യണം. ഒരു ദ്വന്ദ യുദ്ധത്തിനായി ഒരുവനെ വിടുവിൻ ഞങ്ങൾ പൊരുതട്ടെ എന്നു വെല്ലുവിളിച്ചു.

ഫെലിസ്ത്യന്റെ ഈ വാക്കുകൾ കേട്ട് ശൗലും യിസ്രായേലും ഏറ്റവും അധികം ഭയപ്പെട്ടു. ശൗലിന്റെ കാലത്ത് വയോവൃദ്ധനായിരുന്ന യിശ്ശായിയുടെ എട്ടു മക്കളിൽ ഇളയവനായിരുന്നു ദാവീദ്. യിശ്ശായിയുടെ മൂത്തമക്കൾ മൂന്നു പേരും ശൗലിന്റെകൂടെ യുദ്ധത്തിനു പോയിരുന്നു. ആ ഫെലിസ്ത്യൻ 40 ദിവസം മുടങ്ങാതെ രാവിലെയും വൈകുന്നേരവും മുന്നോട്ട് വന്ന് വെല്ലുവിളി തുടർന്നുകൊണ്ടിരുന്നു. യിശ്ശായി തന്റെ മകനായ ദാവീദിനോട് പറഞ്ഞത് നീ ഒരു പറ മലരും 10 അപ്പവും എടുത്ത് പാളയത്തിൽ നിന്റെ സഹോദരൻമാരുടെ ക്ഷേമം അന്വേഷിച്ചു വരിക. അങ്ങനെ ദാവീദ് അതിരാവിലെ എഴുന്നേറ്റ് ആടുമാടുകളെ കാവൽക്കാരന്റെ അരികിൽ വിട്ടിട്ട് തന്റെ പിതാവ് കല്പിച്ചതൊക്കെയും എടുത്തുകൊണ്ട് യുദ്ധപാളയത്തിൽ എത്തിയപ്പോൾ സൈന്യം യുദ്ധത്തിനായി ആർത്തു വിളിച്ചുകൊണ്ട് പുറപ്പെടുകയായിരുന്നു. ദാവീദ് തന്റെ കൈയ്യിൽ ഉണ്ടായിരുന്ന സാധനം പടക്കോപ്പുകാരന്റെ കൈയ്യിൽ ഏല്പിച്ചുകൊണ്ട് സഹോദരൻമാരുടെ അടുക്കൽ എത്തി കുശലം ചോദിച്ചു. അവർ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ തന്നെ മല്ലനായ ഗോലിയാത്ത് പതിവുപോലെ വെല്ലുവിളിക്കുന്നത് ദാവീദ് കേട്ടു. അവനെ കണ്ടപ്പോൾ അവന്റെ മുമ്പിൽ നിന്ന് യിസ്രയേൽ ഓടിപ്പോകുന്നത് ദാവീദു കണ്ടു. അപ്പോൾ ദാവീദ് അവരോട് ചോദിച്ചു. ഈ ഫെലിസ്ത്യനെ യിസ്രായേലിൽ നിന്ന് നീക്കിക്കളയുന്നവന് എന്തു കൊടുക്കം? അവർ അവനോട് രാജാവ് അവനെ മഹാസമ്പന്നൻ ആക്കുകയും തന്റെ മകളെ അവന് കൊടുക്കുകയും അവന്റെ പിതൃഭവനത്തിന് കരമൊഴിവാക്കി കല്പിച്ചു കൊടുക്കുകയും ചെയ്യുമെന്നു പറഞ്ഞു. അവരുടെ ഭാവം കണ്ടപ്പോൾ ദാവീദ് ശൗലിനോട് ഇവൻ നിമിത്തം ആരും അധൈര്യപ്പെടേണ്ട. അടിയൻ ചെന്ന് ഈ ഫെലിസ്ത്യനോട് പൊരുതും എന്നു പറഞ്ഞു. ശൗൽ ദാവീദിനോട് ഈ ഫെലിസ്ത്യനോട് പൊരുതുവാൻ നിനക്കു പ്രാപ്തിയില്ല എന്നു പറഞ്ഞു. അവൻ ചെറുപ്പം മുതലേ യോദ്ധാവാകുന്നു. അതിനു ഉത്തരമായി ദാവീദ് അടിയൻ തന്റെ അപ്പന്റെ

ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരു കരടിയും തന്റെ ആട്ടിൻ കുട്ടികളെ പിടിച്ചു. താൻ അവയെ പിൻതുടർന്ന് അതിനെ അടിച്ചുവീഴ്ത്തി അതിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടികളെ രക്ഷിച്ചു എന്നു പറഞ്ഞു. അത് എന്നെ ആക്രമിക്കാൻ വന്നപ്പോൾ ഞാൻ അതിന്റെ താടിയ്ക്ക് പിടിച്ച് രണ്ടിനെയും കൊന്നുകളഞ്ഞു. അതുകൊണ്ട് ഈ ഫെലിസ്ത്യൻ ജീവൻ ഉള്ള ദൈവത്തെ ആരാധിക്കുന്ന അവന്റെ സൈന്യത്തെ നിന്ദിക്കുന്നതുകൊണ്ട് അവയിൽ ഒന്നിനെപ്പോലെയാകും എന്നു പറഞ്ഞു. അവൻ മരിച്ചു വീഴും എന്ന കാര്യത്തിന് യാതൊരു സംശയവും വേണ്ട.

അപ്പോൾ ശൗൽ തന്റെ പടച്ചട്ട ദാവീദിനെ ധരിപ്പിച്ചു. അവന്റെ തലയിൽ താമ്രശിരസ്ത്രം വച്ചു. അവന്റെ കവചം അവനെ ധരിപ്പിച്ചു. അതു ധരിച്ച് മുന്നോട്ട് നടക്കുന്നതിന് ദാവീദിന് കഴിഞ്ഞില്ല. പിന്നെ അവൻ അതു അഴിച്ചുവച്ചു. അടിയൻ ഇത് ശീലിച്ചിട്ടില്ല. അതിനാൽ എനിക്ക് ഇതു ധരിക്കുവാൻ കഴിയുകയില്ല എന്നു പറഞ്ഞു.

അതിന്റെ ശേഷം ദാവീദ് തോട്ടിൽ നിന്ന് 5 മിനുസം ഉള്ള കല്ല് എടുത്തു തന്റെ തോളിൽ ഉള്ള സഞ്ചിയിൽ ഇട്ടു കൈയ്യിൽ കവണിയുമായി ഫെലിസ്ത്യനോട് അടുത്തു. ഗോലിയാത്ത് ദാവീദിനോട് "നീ വടിയും കവണിയുമായി എന്നെ നേരിടുവാൻ ഞാൻ നായ് ആണൊ" എന്നു ചോദിച്ചു. തന്റെ ദേവന്മാരുടെ നാമത്തിൽ ദാവീദിനെ ശപിച്ചു. അവൻ പിന്നെയും ദാവീദിനോട് "നീ ഇങ്ങോട്ട് വരിക, നിന്റെ മാംസം ഞാൻ ആകാശത്തിലെ പക്ഷികൾക്കും, കാട്ടിലെ മൃഗങ്ങൾക്കും ഭക്ഷണമാക്കും എന്നു ആക്രോശിച്ചു. ദാവീദ് ഗോലിയാത്തിനോട് ഞാൻ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ നിനക്ക് എതിരെ വരുന്നു". ഇന്ന് യഹോവ നിന്നെ എന്റെ കൈയ്യിൽ ഏല്പിക്കും? ഞാൻ നിന്നെകൊന്ന് നിന്റെ തല ഛേദിക്കും. ഇന്ന് ഫെലിസ്ത്യന്റെ മാംസം ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ മൃഗങ്ങൾക്കും ആഹാരത്തിനായിത്തീരും എന്നു പറഞ്ഞു.

പിന്നെ ഫെലിസ്ത്യൻ ദാവീദിനെ ആക്രമിക്കാൻ തുടങ്ങിയപ്പോൾ ദാവീദ് വേഗത്തിൽ മുന്നോട്ട് ഓടി തന്റെ സഞ്ചിയിൽ നിന്ന് ഒരു കല്ല് എടുത്ത് കവണിയിൽ വച്ച് ആഞ്ഞുവലിച്ചു. ആഞ്ഞ് വീശിയപ്പോൾ ആ കല്ല് ഗോലിയാത്തിന്റെ തിരുനെറ്റിയിൽ പതിച്ചു. അങ്ങനെ ആ മല്ലൻ ഗോലിയാത്ത് നിലത്ത് കവിണ്ണു വീണു. ഉടനെ ദാവീദ് ഓടിച്ചെന്ന് അവന്റെ പുറത്തു കയറി അവന്റെ ഉറയിൽ കിടന്ന വാൾ എടുത്ത് അവന്റെ ഉടലിൽ നിന്ന് ശിരസ്സ് വെട്ടിമാറ്റി. അങ്ങനെ ആ മല്ലൻ ഗോലിയാത്തു മരിച്ചു. തന്റെ കൈയ്യിൽ വാൾ ഇല്ലാതെ ഇരുന്നിട്ടു ദാവീദിന് ആ മല്ലനെ കൊല്ലുവാൻ കഴിഞ്ഞു. തങ്ങളുടെ മല്ലൻ മരിച്ചുപോയി എന്ന് കണ്ടിട്ടു ഫെലിസ്ത്യ സൈന്യം ഓടിപ്പോയി. പിന്നീട് യിസ്രയേൽ ഫെലിസ്ത്യരെ ഓടിക്കുകയും അവരുടെ പാളയം പിടിച്ചടക്കുകയും ചെയ്തു. ദാവീദ് ഫെലിസ്ത്യന് എതിരെ ചെല്ലുന്നത് ശൗൽ കണ്ടപ്പോൾ സൈന്യാധിപനായ അബ്നേരിനോട് ഇവൻ ആരുടെ മകനാകുന്നു എന്ന് അന്വേഷിക്കണം എന്ന് പറഞ്ഞു. തുടർന്ന് ദാവീദ് മടങ്ങിവന്നപ്പോൾ രാജാവിനോട് ഞാൻ ബേത്‌ലഹേമിൽ ഉള്ള നിന്റെ ദാസൻ യിശ്ശായിയുടെ എട്ടുമക്കളിൽ ഇളയവനാകുന്നു എന്നു മറുപടി പറഞ്ഞു. ദാവീദ് തന്റെ സഹോദരങ്ങൾക്കും രാജ്യത്തിനും തന്റെ ഭവനത്തിനും വേണ്ടി സർവ്വശക്തനായ ദൈവത്തോട് കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ - ഒരു കല്ലും കവണിയുമായി മല്ലനായ ഗോലിയാത്തിനെ നേരിടാൻ കഴിഞ്ഞു. "എന്നെ ശക്തികൊണ്ട് എന്റെ അരമുറുക്കുകയും, എന്റെ വഴി കുറവ് തീർക്കുകയും ചെയ്യുന്ന ദൈവം തന്നെ. അവൻ എന്റെ കാലുകളെ **മാൻപേടയുടെ** തുല്യമാക്കി, എന്നെ ഗിരികളിൽ നിൽക്കുമാറാക്കുന്നു. നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്ക് തന്നിരിക്കുന്നു. നിന്റെ വലങ്കൈ എന്നെ താങ്ങി നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു" എന്ന് ദാവീദ് 18-ാം സങ്കീർത്തനത്തിൽ (32, 33, 35 വാക്യങ്ങൾ) പ്രാർത്ഥിക്കുന്നു. ഈ ദൈവത്തെ മുറുകെപ്പിടിച്ച് 2024-ൽ മുന്നേറുന്നതിന് കഴിയട്ടെ!

# കോട്ടയം വലിയപള്ളിയിൽ ചതുശ്ശതോത്തര പഞ്ചസപ്തതി ആഘോഷം

വിശ്വാസ തീക്ഷ്ണതയും സമൂഹത്തിനാകെ നന്മയും ദേവാലയങ്ങൾ ഉളവാക്കുന്നുണ്ടെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു

കോട്ടയം വലിയപള്ളിയുടെ 474-ാം വലിയപെരുന്നാൾ സമാപനത്തോടുനുബന്ധിച്ചു നടത്തിയ ചതുശ്ശതോത്തര പഞ്ചസപ്തതി (475-ാം വാർഷികം) ആഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. ജൂബിലി ഭവനനിർമ്മാണ ഫണ്ട് ആശാരിമുറിയിൽ എ. കെ. കുര്യനിൽ നിന്ന് സ്വീകരിച്ച് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു

ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി റ്റി. സി.തോമസ് തോപ്പിൽ, നഗരസഭാദ്ധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, ഇടവക വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ഫാ. ബിബിൻ ബേബി തിരുനിലം, ഫാ. ഡിബിൻ ജേക്കബ് കളത്തിപ്പറമ്പിൽ, ഷേബാ മർക്കോസ്, സുനിൽ കല്ലുവെട്ടാംകുഴി, ജേക്കബ് പണിക്കർ, പള്ളി ട്രസ്റ്റി എം. കെ. തോമസ് മള്ളൂശ്ശേരിൽ, സെക്രട്ടറി മനീഷ് ജോയി ഒഴുക്കൂത്തറ തുടങ്ങിയവർ പ്രസംഗിച്ചു. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് കാർമ്മികത്വം വഹിച്ചു.




# സിംഹവും ചുണ്ടെലിയും

ഇളം വെയിലിന്റെ സുഖം നുണഞ്ഞ് ഉറങ്ങുകയായിരുന്നു സിംഹം. ഒരു കൊച്ചു ചുണ്ടെലി തുള്ളിച്ചാടിക്കളിച്ച് നടന്ന് സിംഹത്തിന്റെ ശരീരത്തിൽ വന്നു കയറി. അത് താഴേക്ക് ചാടിയും വീണ്ടും ഉരുണ്ടു പിരണ്ട് സിംഹത്തിന്റെ ദേഹത്തു കയറിയും കളി തുടർന്നു. സിംഹത്തിന് കുറെയായപ്പോൾ ദേഷ്യവും ഒപ്പം ചിരിയും വന്നു.

മൃഗരാജന്റെ കൈകളിൽ കിടന്ന് എലി വിറച്ചു: 'പ്രഭോ! ദയവായി എന്നെ കൊല്ലരുത്'. അതു വിക്കി: 'അങ്ങേയ്ക്ക് എപ്പോഴെങ്കിലും ഒരു വിഷമം നേരിട്ടാൽ എന്റെ കഴിവിനൊത്ത ഉപകാരം ഞാൻ ചെയ്തുകൊള്ളാം. ഇപ്പോൾ വിട്ടയയ്ക്കണേ'.

'നിന്റെ ഒരു ഉപകാരം!' പരിഹാസത്തോടെ സിംഹം ചിരിച്ചു. പിന്നീട് എലിയെ വിട്ടയയ്ക്കുകയും ചെയ്തു.

അടുത്ത ദിവസം ഇരതേടി നടക്കുന്നതിനിടയിൽ സിംഹം ഒരു വലയിലകപ്പെട്ടു. വല പൊട്ടിക്കാനുള്ള ശ്രമം കൂടുതൽ വിഷമം സൃഷ്ടിക്കുകയേ ചെയ്തുള്ളൂ. അവിടെയിരുന്നു സിംഹം പലതവണ കാട് കുലുങ്ങും വിധം അലറി.

ആരും സഹായത്തിന് എത്തിയില്ല. ചുണ്ടെലിയുടെ ചെവിയിൽ ആ അലർച്ച മുഴക്കം സൃഷ്ടിച്ചു. അത് ഉടനെ ശബ്ദം കേട്ട സ്ഥലത്തെത്തി. ഒരു നിമിഷം സിംഹത്തിന്റെ നേരെ അർത്ഥവത്തായ ഒരു നോട്ടമയച്ചു. പിന്നീട് വലയുടെ കയറുകൾ കടിച്ചു മുറിക്കുന്ന ജോലിയിൽ അത് മുഴുകുകയും ചെയ്തു.

അല്പസമയത്തിനുള്ളിൽ വലയിൽ നിന്നു സ്വതന്ത്രനായ സിംഹത്തിനോട് ചുണ്ടെലി പറഞ്ഞു: പ്രഭോ! മൃഗരാജാവായ അങ്ങേയ്ക്ക് എന്ത് ഉപകാരം ചെയ്യാനാണ് എന്നെക്കൊണ്ടാവുക എന്ന അർത്ഥത്തിൽ അങ്ങ് ഇന്നലെ പരിഹസിക്കുകയുണ്ടായല്ലോ. ഇത് ഉപകാരമാണോ അപരാധമാണോ എന്നുപോലും എനിക്കറിയില്ല. ഇത്രയുമേ എനിക്ക് കഴിവുള്ളൂ. ഇതിനു ഞാൻ ദൈവത്തിനോടു നന്ദി പറയട്ടെ!

സിംഹം ഒരക്ഷരം മിണ്ടാതെ തലയും താഴ്ത്തി നടന്നുപോയി.

***എത്ര വലിയ ശക്തനും, ദൗർഭാഗ്യം വരുമ്പോൾ, അതി നിസ്സാരനായ ഒരു വ്യക്തിയുടെ സഹായം വേണ്ടിവന്നേക്കാം.*** ●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**പുറപ്പാട് പുസ്തകം**

**മെയ് മാസത്തിലെ ചോദ്യങ്ങൾ**

1. ദൈവത്തിന്റെ പർവ്വതത്തിൽ വെച്ചു മോശയെ എതിരേറ്റു ചുംബിച്ചവൻ ആര്?
2. അഹറോന്റെ ഭാര്യയുടെ പേരെന്ത്?
3. എത്ര ദിവസമാണ് മിസ്രയീമിൽ കൂരിരുട്ട് ഉണ്ടായത്?
4. യിസ്രയേൽ മക്കൾ മിസ്രയീമിൽനിന്നു എടുത്തു കൊണ്ടുപോന്ന അസ്ഥി ആരുടേതായിരുന്നു?
5. ഏതു മരുഭൂമിയിലാണ് യിസ്രായേൽ മക്കൾ മൂന്നുദിവസം വെള്ളം കിട്ടാതെ സഞ്ചരിച്ചത്?
6. യിസ്രായേൽ മക്കൾ മോശയെ കല്ലെറിയാൻ ഭാവിച്ചതെവിടെ വെച്ച്?
7. എങ്ങനെയുള്ള കല്ലുകൊണ്ട് യാഗപീഠം പണിയുവാനാണ് ദൈവം കല്പിച്ചത്?
8. സമാഗമന കൂടാരം നിർമ്മിക്കുന്നതിന് ഉപയോഗിച്ച മരം ഏത്?
9. യോശുവയുടെ പിതാവിന്റെ പേരെന്ത്?
10. സമാഗമന കൂടാരത്തിൽ സ്ത്രീകളുടെ വകയായി ഒരു ഉപകരണം ഉണ്ടായിരുന്നു. ഏത്?

**ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ**

1. മോവാബ് (ഉല്പ: 19:37)
2. യാക്കോബ്
3. ലൂസ് (ഉല്പ: 28:19)
4. ഗലേദ് (ഉല്പ: 31:47)
5. പെനിയേൽ (ഉല്പ: 32:31)
6. അല്ലോൻ – ബാഖൂത്ത് (ഉല്പ: 35:87)
7. ഏശാവ് (ഉല്പ: 36:8)
8. ബേല (ഉല്പ: 36:32)
9. 17 വയസ്സ് (ഉല്പ: 37:2)
10. യെഹൂദയെ (ഉല്പ: 49:8)

# ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ പ്രാർത്ഥനായോഗം 19-05-2024 ഞായർ വൈകുന്നേരം 6.30ന് പാക്കിൽ സെന്റ്തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽവച്ച് നടത്തുന്നു. റവ.ഫാ. ജോജോ ജോസ് നടുവിലെപറമ്പിൽ (കോട്ടയം) മുഖ്യ സന്ദേശം നൽകുന്നതാണ്. വൈസ് പ്രസിഡന്റ് റവ. ഫാ.സി.സി. ഏലിയാസ് കട്ടയിൽ, റവ.ഫാ. ബിബിൻ ബേബി തിരുനിലം എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നതാണ്.

*9th Anniversary in Heaven*

**23- 05 - 2024**



# Reeve Mathew


## Ottaplammoottil,
## Chicago, USA

*Reeve youwill for ever remains*
*in our each breath, we miss*
*you until we meet again*
*Appa & Amma*

Advt - R

## 1st Death Anniversary

15- 05 - 2024



## N.M. Cherian

**Nedungattethu House, Mazhukeer**

Advt - S

## 1–ാം ചരമവാർഷികം

25- 05 - 2024



## SARAMMA THOMAS

**Mulamoottil, Kuttoor**

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു" (2 തിമോ 4:7 – 8)

Advt - S

## 2–ാം ചരമവാർഷികം

7 – 05 – 2024

## 2–ാം ചരമവാർഷികം

9 – 08 – 2024



**എം. എ. ഏബ്രഹാം (അവറാച്ചൻ)**

**മറിയാമ്മ ഏബ്രഹാം**

**മറ്റത്തിൽ, വെള്ളുത്തുരുത്തി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

*3rd Death Anniversary*

13 - 06 - 2024



Advt -G

## Mathew Kuriakose (Raju)

**Kdaithara, Chingavanam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*10th Death Anniversary*

14 - 05 - 2024

*17th Death Anniversary*

09 - 02 - 2024



## P.T. JACOB

Died on 14-05-2014

## ANNAMMA JACOB

Died on 09-02-2007

**Palapurackal, Chingavanam, Kottayam**

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

**15-ാം ചരമവാർഷികം**

25-05-2024



**ഇ. എ. ഏബ്രഹാം**

(കുഞ്ഞച്ചൻ)

(Rtd. Water Authority Engineer)

**6-ാം ചരമവാർഷികം**


18-12-2024



**ചിന്നമ്മ ഏബ്രഹാം**

**2-ാം ചരമവാർഷികം**

22-08-2024



**കെ. ജെ. ഏബ്രഹാം (ഷാജി)**

(Rtd. RBI Asst. Manager)

**കുനിയാടത്ത്, എറണാകുളം**

**ഇടയാടിയിൽ**


**പാവുക്കര, മാന്നാർ**

Sorrowing Family

Advt -G

## 40-ാം ചരമദിനം

7-05-2024



## K.K. BABY

**Koorkakalayil, Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 5-ാം ചരമവാർഷികം

02-05-2024



## സാറാമ്മ ജേക്കബ് (മോളി)

**മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 8-ാം ചരമവാർഷികം

11-05-2024



## എം. എ. ചാക്കോ

**മാമലത്താഴത്ത്, രാമമംഗലം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## വേർപാടിന്റെ 11-ാം വാർഷികം

20-05-2024



## V. T. KURIAKOSE

**പഴയപീടികയിൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 7-ാം ചരമവാർഷികം
11-05-2024



## ലൈസാമ്മ മാത്യു

## 13-ാം ചരമവാർഷികം
19-06-2024



## ഏലിയാമ്മ മാത്തുണ്ണി

മുളമുട്ടിൽ, കുറ്റൂർ, തിരുവല്ല

## 13-ാം ചരമവാർഷികം
26-06-2024



## അഡ്വ. ജൂലി സുനിൽ

കല്ലുവെട്ടാംകുഴിയിൽ,
താഴത്തങ്ങാടി, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

Advt - S

## 7-ാം ചരമവാർഷികം
22-05-2024



## Er. P.A. Philip

(Rtd. Executive Engineer, PWD)
**Puthuveettil, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 40-ാം ചരമദിനം
16-05-2024



## എൻ.ഐ. തോമസ് (തോമാച്ചൻ)

ഞെക്കണ്ണിൽ, പടിഞ്ഞാറ്റോതറ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 2-ാം ചരമവാർഷികം

01-06-2024



## മറിയക്കുട്ടി ചെറിയാൻ & ചെറിയാൻ എബ്രഹാം

ഊരാക്കമണ്ണിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 2nd Death Anniversary

15-05-2024



## കുഞ്ഞൂഞ്ഞമ്മ എബ്രഹാം

മുണ്ടപ്ലാക്കൽ, വടശ്ശേരിക്കര

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 2-ാം ചരമവാർഷികം

29-05-2024

## JINCY GEORGE

പുത്തൻപുരയ്ക്കൽ

ചിങ്ങവനം

നിന്റെ ഓർമ്മകൾ ഇല്ലാത്ത
ഒരു പുലരിയും ഞങ്ങൾക്കില്ല.
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## Mrs. Saramma Stephen

**11th Year of Ascendancy to Heaven From This Transitorial Earthly Life**

21-05-2024



## Prof. K. C. Kuriakose

**14th Year of Passing Away From This Mortal Life on**

09-06-2024



*Inserted by*

**Valanjanthuruthil Family**

**Ranny**

**Kunnirickal Family**

Advt -S

**17-ാം ചരമവാർഷികം**

09-05-2024

**28-ാം ചരമവാർഷികം**

04-08-2024

**6-ാം ചരമവാർഷികം**

07-08-2024





**കെ. റ്റി. ജോസഫ്　ചിന്നമ്മ ജോസഫ്**

കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര

**കെ.ജെ. ഏബ്രഹാം (തമ്പി)**

കണ്ണന്താനത്ത്, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

# 3-ാം ചരമവാർഷികം

## 03-06-2024



# VALSAMMA THOMAS

## W/o C. T. Thomas (Monachan)

**Chathurathundiyil Family**

**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

# കോപത്തിന്റെ സുവിശേഷം

**റ്റി. സി. തോമസ് തോപ്പിൽ**
(ക്നാനായ സമുദായ ട്രസ്റ്റി)

ലോക തത്വചിന്തയുടെ ആചാര്യന്മാരിൽ ഒരാളായിരുന്ന മഹാനായ സോക്രട്ടീസിന്റെ ഭാര്യ സാന്തിപ്പെ ഒരു മുൻകോപിയായിരുന്നു. ഭർത്താവിന്റെ അസാധാരണമായ മഹത്വം അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം കോപം കൊണ്ട് അവർ ഭർത്താവിനെ നിർദ്ദയം ശകാരിച്ചു. അതികഠിനമായ ആക്ഷേപ ശരങ്ങൾ ഏറ്റിട്ടും യാതൊരു ഭാവമാറ്റവുമില്ലാതിരിക്കുന്ന ഭർത്താവിനെ കണ്ടപ്പോൾ അവരുടെ കോപം വീണ്ടും വർദ്ധിച്ചു. കലികയറിയ സാന്തപ്പെ ഒരു കുടം നിറയെ വെള്ളം കൊണ്ടുവന്ന് ഭർത്താവിന്റെ തലയിലൊഴിച്ചു. യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ സോക്രട്ടീസ് അപ്പോഴും അക്ഷോഭ്യനായി നിലകൊണ്ടു. ശരിക്കും പറഞ്ഞാൽ സോക്രട്ടീസിന്റെ മുന്നിൽ സാന്തപ്പെ തകർന്നുപോയി. നനഞ്ഞു കുതിർന്ന് നിൽക്കുന്ന അദ്ദേഹം ഭാര്യയോട് പുഞ്ചിരിച്ചുകൊണ്ട് പറയുകയാണ് നിന്റെ കോപവും ശകാരവും മിന്നലിനും ഇടിവെട്ടലിനും സമമായിരിക്കുന്നു. മിന്നലും ഇടിയും കഴിഞ്ഞാലുടൻ ഒരു കനത്ത മഴ പെയ്യുക പതിവാണ്. ഇപ്പോൾ അതും സംഭവിച്ചിരിക്കുന്നു. അതു ചെയ്യാതിരുന്നെങ്കിൽ ഞാൻ അത്ഭുതപ്പെടുമായിരുന്നു. അവളുടെ കോപത്തെ അദ്ദേഹത്തിനു ക്ഷമകൊണ്ടും സംയമനംകൊണ്ടും ജയിക്കാൻ കഴിഞ്ഞു. പശ്ചാത്താപ വിവശയായ സാന്തപ്പെ പിന്നീട് വളരെ സ്നേഹത്തോടെയാണ് അദ്ദേഹത്തോട് പെരുമാറിയത്. കലഹങ്ങൾ ഒഴിവാക്കാൻ ഏവർക്കും ഇത് മാതൃകയാക്കാവുന്നതാണ്. ക്ഷമയാണ് കോപത്തിനെതിരെയുള്ള ഏറ്റവും വലിയ സുവിശേഷം.

